# കേരള നിയമസഭ
# 20.03.2013-ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം
2013 മാർച്ച് 20, ബുധൻ
നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ- 317)

| മറുപടി നൽകുന്ന മന്ത്രിമാർ | ചോദ്യനമ്പർ |
|---|---|
| ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി | 691 മുതൽ 804 വരെ |
| ജലവിഭവ വകുപ്പുമന്ത്രി | 805 മുതൽ 882 വരെ |
| തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി | 883 മുതൽ 919 വരെ |
| പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി | 920 മുതൽ 941 വരെ |
| പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി | 942 മുതൽ 1007 വരെ |

<u>എല്ലാസമയത്തും പോസ്റ്റുമോർട്ടം നടത്താൻ അനുമതി</u>

691 ശ്രീ. പി. എ. മാധവൻ
,, ആർ. സെൽവരാജ്
,, പി. സി. വിഷ്ണുനാഥ്
,, ഐ. സി. ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എല്ലാസമയത്തും പോസ്റ്റുമോർട്ടം നടത്തുവാനുള്ള അനുമതി നൽകിയിട്ടുണ്ടോ, വിശദമാക്കുമോ;

(ബി) ഏതെല്ലാം ആശുപത്രികളിലാണ് ഈ സൗകര്യം ലഭ്യമായിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഈ ഉദ്ദേശത്തിനായി ലീഗൽ കോഡിൽ മാറ്റം വരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) ഈ ലക്ഷ്യം സാക്ഷാൽക്കരിക്കുന്നതിന് ആശുപത്രികളിൽ എന്തെല്ലാം അടിസ്ഥാന സൗകര്യമാണ് ഒരുക്കാനുദ്ദേശിച്ചിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 20.03.2013-ലെ മറുപടിക്ക്

<u>ജനറിക് മരുന്നുകൾ</u>

692 ശ്രീ. വി. ഡി. സതീശൻ
,, ലൂഡി ലൂയിസ്
,, എ. പി. അബ്ദുള്ളക്കുട്ടി
,, വി. റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളിൽ ജനറിക് മരുന്നുകൾ സൗജന്യമായി നൽകുന്ന പദ്ധതിക്ക് തുടക്കമിട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഏതൊക്കെ വിഭാഗങ്ങൾക്കാണ് ജനറിക് മരുന്നുകൾ നൽകുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം ആശുപത്രികളിലാണ് ഇത്തരം മരുന്നുകൾ നൽകുന്നത്; വിശദമാക്കുമോ;

(ഡി) സംസ്ഥാനത്തെ എല്ലാ ആശുപത്രികളിലും ഈ പദ്ധതി വ്യാപിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

<u>സ്വകാര്യ ചൈനീസ് മരുന്നുകളും സിറിഞ്ചുകളും</u>

693 ശ്രീ. എ. കെ. ശശീന്ദ്രൻ
,, തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ആശുപത്രികളിൽ ഗുണനിലവാരം ഇല്ലാത്ത ചൈനീസ് മരുന്നുകളും സിറിഞ്ചുകളും വ്യാപകമായി ഉപയോഗിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത്തരം സ്വകാര്യ ആശുപത്രികൾക്കെതിരെ കർശന നടപടി സ്വീകരിക്കുമോ;

(സി) ഇതു സംബന്ധമായി ക്രമമായി പരിശോധന നടത്തുവാൻ സംസ്ഥാന ഡ്രഗ്സ് കൺട്രോൾ വകുപ്പ് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

മരുന്ന് മാഫിയ

694 ശ്രീ. കെ. സുരേഷ് കുറുപ്പ്
ഡോ. കെ. ടി. ജലീല്‍
ശ്രീ. ആര്‍. രാജേഷ്
ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഇംഗ്ലീഷ് മരുന്നുകള്‍ മൊത്തത്തിലും ചില്ലറയായും വില്പന നടത്തുന്നവരുടെ സംഘടനയുടെ അനധികൃത ഇടപെടലുകള്‍ മരുന്നുവില ക്രമാതീതമായി വര്‍ദ്ധിക്കാനിടയാക്കിയിട്ടുണ്ടെന്ന കാര്യം മനസ്സിലാക്കിയിട്ടുണ്ടോ;

(ബി) ഇവര്‍ ഒരു മാഫിയയായി വളര്‍ന്നിട്ടുണ്ടെന്ന് നിയമസഭാ സമിതി മുന്‍പ് വിലയിരുത്തിയ കാര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(സി) ഇവരുടെ പ്രവര്‍ത്തനം നിയന്ത്രിക്കാന്‍ എന്തൊക്കെ നടപടികള്‍ സ്വീകരിച്ചെന്നും അവയുടെ ഫലപ്രാപ്തിയും വിശദമാക്കാമോ ?

# കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

<u>ജീവിതശൈലി രോഗങ്ങൾ</u>

695 ശ്രീ. ഷാഫി പറമ്പിൽ
,, ലൂഡി ലൂയിസ്
,, എം. പി. വിൻസെന്റ്
,, അൻവർ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജീവതശൈലി രോഗങ്ങൾക്കുളള മരുന്നുകൾ സൗജന്യമായി നൽകുന്ന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഏതെല്ലാം ആരോഗ്യ കേന്ദ്രങ്ങൾ വഴിയാണ് ഇത്തരം മരുന്നുകൾ നൽകുന്നത്, വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഏതെല്ലാം രോഗങ്ങൾക്കാണ് മരുന്നുകൾ സൗജന്യമായി നൽകുന്നത്;

(ഡി) ഏതെല്ലാം വിഭാഗക്കാർക്കാണ് മരുന്നുകൾ സൗജന്യമായി നൽകുന്നുത്;

# കേരള നിയമസഭ
# 20.03.2013-ലെ മറുപടിക്ക്

<u>അനധികൃത മരുന്ന് പരീക്ഷണം</u>

696 ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അനധികൃത മരുന്ന് പരീക്ഷണവും ഈ രംഗത്തെ മറ്റ് ദുഷ്പ്രവണതകളും തടയുന്നതിന് നിയമം ഭേദഗതി ചെയ്യാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) മരുന്നു പരീക്ഷണത്തിലെ നിയന്ത്രണവും ധാർമ്മികതയും എല്ലാ തലങ്ങളിലും ഉറപ്പാക്കുന്നവിധം നിയമം നടപ്പിലാക്കുവാൻ സ്വീകരിക്കുന്ന നടപടികളുടെ വിശദവിവരം ലഭ്യമാക്കുമോ?

**കേരള നിയമസഭ**
**20.03.2013-ലെ മറുപടിക്ക്**

<u>സർക്കാർ ജനറിക് മരുന്നുകൾ വാങ്ങുന്ന കമ്പനികൾ</u>

697 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012-13 വർഷത്തിൽ 2013 ഫെബ്രുവരി 28വരെ എത്ര കോടി രൂപയുടെ ജനറിക് മരുന്നുകൾ വാങ്ങിയിട്ടുണ്ടെന്നുള്ള കണക്ക് നൽകുമോ;

(ബി) ഏതെല്ലാം കമ്പനികളിൽ നിന്നും എത്ര കോടി രൂപയക്ക് വീതമുള്ള ഏതെല്ലാം മരുന്നുകളാണ് വാങ്ങിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഇപ്രകാരം മരുന്ന് വാങ്ങിയ കമ്പനികളുടെ മേൽവിലാസവും ഇൗമെയിൽ വിലാസവും സംബന്ധിച്ച വിവരം നൽകുമോ?

# കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

<u>ജനറിക് മരുന്ന് വാങ്ങുമ്പോൾ പാലിക്കേണ്ട മാനദണ്ഡങ്ങൾ</u>

698 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജനറിക് മരുന്നുകളുടെ പർച്ചേസ് എന്തെല്ലാം മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) കേരളത്തിൽ ജനറിക് മരുന്നുകൾ വാങ്ങുന്ന എല്ലാ കമ്പനികളുടേയും സ്റ്റാൻഡേഡൈസേഷൻ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(സി) ഇപ്രകാരം വാങ്ങുന്ന ജനറിക് മരുന്നുകളുടെ ഗുണനിലവാരം പരിശോധിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ എന്തെല്ലാം പരിശോധനകളും സർട്ടിഫിക്കേഷനും നടത്തിയാണ് ഈ മരുന്നുകൾ വാങ്ങിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഇ) ഇല്ലെങ്കിൽ എന്തുകൊണ്ട് ടി നടപടികൾ സ്വീകരിക്കുന്നില്ലെന്നുള്ള വിവരം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

<u>സൗജന്യ ജനറിക് മരുന്ന് വിതരണം</u>

699 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സൗജന്യ ജനറിക് മരുന്ന് വിതരണ പദ്ധതി സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ; പല ആശുപത്രികളിലും ആവശ്യത്തിന് മരുന്ന് ലഭ്യമല്ല എന്നുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) എത്ര വിധത്തിലുള്ള ജനറിക് മരുന്നുകളാണ് സൗജന്യമായി വിതരണം ചെയ്യുന്നത്;

(സി) സംസ്ഥാനത്ത് എത്ര ആശുപത്രികളിലാണ് സൗജന്യ മരുന്ന് വിതരണം നടത്തുന്നത്; ഇതിൽ കണ്ണൂർ ജില്ലയിലെ ആശുപത്രികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

<u>ഗുണനിലവാരമില്ലാത്ത മരുന്നുകളുടെ വിൽപ്പന</u>

700 ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പല മെഡിക്കൽ സ്റ്റോറുകളിലൂടെയും ഗുണനിലവാരമില്ലാത്ത മരുന്നുകളാണ് വിതരണം ചെയ്യുന്നതെന്നും ആയതിന് ഡോക്ടർമാർ വൻതുക കമ്മീഷൻ വാങ്ങുന്നുണ്ടെന്നുമുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ മരുന്നുമാഫിയയെ നിയന്ത്രിക്കുന്നതിനും, മരുന്നിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനും എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത്; ആയത് മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 20.03.2013-ലെ മറുപടിക്ക്

മരുന്നുകളുടെ ദുരുപയോഗം

701 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ലഹരിക്കും മറ്റുമായി ചില മരുന്നുകൾ ദുരുപയോഗം ചെയ്യപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിൽ കൂടുതലും സ്കൂൾ കുട്ടികളാണ് എന്ന വസ്തുത ഗൗരവമായി സർക്കാർ പരിഗണിക്കുന്നുണ്ടോ;

(സി) ഏതൊക്കെ വിഭാഗത്തിൽ ഉൾപ്പെട്ട മരുന്നുകളാണ് ഇപ്രകാരം ദുരുപയോഗം ചെയ്യപ്പെടുന്നതെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(ഡി) ഇവയുടെ വിൽപ്പനയ്ക്ക് എന്തൊക്കെ നിയന്ത്രണങ്ങളാണ് ഏർപ്പെടുത്തിയിട്ടുളളതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 20.03.2013-ലെ മറുപടിക്ക്

<u>അവശ്യ മരുന്ന് തട്ടിപ്പിനെതിരെ നടപടി</u>

702 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ മെഡിക്കൽ കോളേജുകൾ വഴിയും താലൂക്ക് ആശുപത്രികൾ വഴിയും സൗജന്യമായി വിതരണം ചെയ്യുന്ന ജനറിക് മരുന്നുകൾ സ്വകാര്യ ലോബി കൈയടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) കാൻസർ, ഹൃദ്രോഗം തുടങ്ങിയവക്കുള്ള മരുന്നുകൾ അനർഹർ തട്ടിയെടുക്കുന്നത് കാരണം അർഹരായ രോഗികളിൽ പലർക്കും മരുന്നു കിട്ടുന്നില്ലയെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;വിശദമാക്കുമോ;

(സി) അവശ്യമരുന്നുകൾ വേണ്ടത്ര സ്റ്റോക്കുണ്ടെങ്കിലും വില കൂടിയ മരുന്നുകൾ എല്ലാ ആശുപത്രികളിലും വളരെ പെട്ടെന്ന് തീരുന്നതായി മനസ്സിലാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) ഇത് സംബന്ധിച്ച് മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ആരോഗ്യവകുപ്പ് സെക്രട്ടറിക്ക് കത്ത് നൽകിയിട്ടുണ്ടോ; എങ്കിൽ ആയത് സംബന്ധിച്ച് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഇ) സർക്കാർ ആശുപത്രികളിൽ ഡോക്ടർമാർ മരുന്നുകളുടെ ജനറിക് നാമം എഴുതണമെന്ന് ഉത്തരവുണ്ടായിട്ടും 75 ശതമാനം ഡോക്ടർമാരും ഇപ്പോഴും മരുന്നുകളുടെ ട്രേഡ് നെയിമുകളാണ് എഴുതുന്നതെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടുവോ; ഇതുകാരണം രോഗികൾ കൂടിയ വിലയ്ക്കുള്ള മരുന്നുകൾ വാങ്ങേണ്ടിവരുന്ന അവസ്ഥ ഒഴിവാക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വിശദമാക്കുമോ;

# കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

<u>അനധികൃത ലാഭം ഉണ്ടാക്കുന്ന മരുന്ന് കമ്പനികൾക്കെതിരെ നടപടി</u>

703 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര മരുന്ന് നിർമ്മാണ കമ്പനികളുണ്ട്; കൂടാതെ എത്ര മെഡിക്കൽ സ്റ്റോറുകൾ പ്രവർത്തിക്കുന്നു;

(ബി) ഈ സർക്കാർ അധികാരമേറ്റതിന് ശേഷം തീയതി തിരുത്തി മരുന്ന് വിൽപന നടത്തിയ എത്ര മെഡിക്കൽ സ്റ്റോറുകൾക്കെതിരെ നടപടി സ്വീകരിച്ചുവെന്നും എപ്രകാരമുള്ള നടപടിയാണ് സ്വീകരിച്ചതെന്നും വ്യക്തമാക്കുമോ;

(സി) മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കുവാൻ നിലവിൽ എത്ര ഉദ്യോഗസ്ഥർ സംസ്ഥാനത്തുണ്ട്; വിശദമാക്കാമോ;

(ഡി) കൂടിയ വിലയ്ക്ക് മരുന്നുകൾ വിൽക്കുന്ന കമ്പനികളുടെ പട്ടിക ഡ്രഗ്സ് കൺട്രോൾ വകുപ്പ് തയ്യാറാക്കി നൽകിയോ; ആയതിൻമേൽ എന്ത് നടപടി സ്വീകരിച്ചു; വിശദമാക്കുമോ;

(ഇ) മരുന്ന് നിർമ്മിക്കുന്ന കമ്പനികൾ നിർമ്മാണ ചെലവിന്റെ എത്രയോ മടങ്ങാണ് മാക്സിമം റീട്ടെയിൽ പ്രൈസ് (എം.ആർ.പി) എന്ന പേരിൽ ഈടാക്കുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടുവോ; എങ്കിൽ ഈ ദുഷിച്ച പ്രവണത തടയാൻ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(എഫ്) സംസ്ഥാനത്ത് പ്രതിവർഷം എത്ര കോടി രൂപയുടെ മരുന്നുകൾ വിറ്റഴിക്കപ്പെടുന്നുണ്ടെന്നാണ് കണക്കാക്കുന്നത് ; വ്യക്തമാക്കുമോ;

# കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

<u>സർക്കാർ ആശുപത്രികളിൽ അവശ്യമരുന്നുകൾക്ക് നേരിടുന്ന ക്ഷാമം</u>

704 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാരാശുപത്രികളിൽ അവശ്യമരുന്നുകൾക്ക് നേരിടുന്ന ക്ഷാമം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഇപ്പോൾ ഏതെല്ലാം ഇനത്തിൽപ്പെട്ട മരുന്നുകളാണ് സർക്കാരാശുപത്രികളിലൂടെ വിതരണം ചെയ്തുവരുന്നത് എന്നും ഏത് ഏജൻസി വഴിയാണ് വിതരണം ചെയ്യുന്നത് എന്നും വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
# 20.03.2013-ലെ മറുപടിക്ക്

## അര്‍ബുദ രോഗത്തിനുള്ള മരുന്നുകള്‍ സൗജന്യമായി വിതരണം ചെയ്യാന്‍ നടപടി

705

ശ്രീ. റ്റി. എ. അഹമ്മദ് കബീര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) അര്‍ബുദ രോഗത്തിനുള്ള മരുന്നുകള്‍ സൗജന്യമായി വിതരണം ചെയ്യുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) എങ്കില്‍ അര്‍ബുദ രോഗികള്‍ക്ക് ഒരു പരിധി വരെ ആശ്വാസം നല്‍കുന്ന പ്രസ്തുത പദ്ധതി ആരംഭിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 20.03.2013-ലെ മറുപടിക്ക്

<u>ആരോഗ്യ വകുപ്പിന്റെ ജനസമ്പർക്ക പരിപാടി</u>

706

ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പ് ജനസമ്പർക്ക പരിപാടി ആരംഭിക്കുവാൻ നടപടികൾ സ്വീകരിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) ഉണ്ടെങ്കിൽ ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

<u>പകർച്ചവ്യാധികൾക്കെതിരെ മുൻകരുതൽ</u>

707 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവുംകുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ പകർച്ചവ്യാധികൾ വർദ്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മലമ്പനി, ഡെങ്കിപ്പനി, എലിപ്പനി, ചിക്കൻഗുനിയ, ജപ്പാൻജ്വരം, ക്ഷയരോഗം, പക്ഷിപ്പനി എന്നിവ ബാധിച്ച് എത്രപേർ മരണപ്പെട്ടിട്ടുണ്ടെന്ന് വർഷം തിരിച്ച്, ജില്ല തിരിച്ച് വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

# കേരള നിയമസഭ
# 20.03.2013-ലെ മറുപടിക്ക്

<u>മന്തുരോഗ നിവാരണ പരിപാടി</u>

708 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ എല്ലാ ജില്ലകളിലും മന്തു രോഗ നിവാരണ പരിപാടി അനിവാര്യമാണെന്ന് സ്ഥാപിക്കത്തക്ക തരത്തിൽ ഏതെങ്കിലും നിലയിലുള്ള ആരോഗ്യ പഠന റിപ്പോർട്ട് നിലവിലുണ്ടോ;

(ബി) ദേശീയ മന്തു രോഗ നിവാരണ പരിപാടി കേരളത്തിൽ എല്ലാ ജില്ലകളിലും നിർബന്ധമായി നടപ്പിലാക്കുന്നത് ഏത് ആരോഗ്യ പഠന സർവ്വേയുടെ അടിസ്ഥാനത്തിലാണ്;

(സി) ഇക്കഴിഞ്ഞ വർഷങ്ങളിൽ നടത്തിയിട്ടുള്ള മന്തുരോഗ നിവാരണ പരിപാടി എത്ര മാത്രം ഫലപ്രദമായിരുന്നു എന്നതിനെ സംബന്ധിച്ച് ജില്ലാടിസ്ഥാനത്തിൽ വകുപ്പ് വിശകലനം നടത്തിയിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ ആയത് സംബന്ധിച്ച് വിശദമായ പഠനങ്ങളുടെ അടിസ്ഥാനത്തിൽ തുടർ മന്തുരോഗനിവാരണ പരിപാടികൾ ക്രമീകരിക്കുന്നതിന് ശ്രമമുണ്ടാകുമോ?

# കേരള നിയമസഭ
# 20.03.2013-ലെ മറുപടിക്ക്

<u>മരുന്നു വിതരണത്തിന്റെ ചുമതല</u>

709 ശ്രീമതി ജമീലാ പ്രകാശം
ശ്രീ. ജോസ് തെറ്റയിൽ
,, മാത്യു റ്റി. തോമസ്
,, സി. കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള നിയമം അനുസരിച്ച് സർക്കാർ ആശുപത്രികളിൽ മരുന്ന് വിതരണത്തിന്റെ നേരിട്ടുള്ള ചുമതല ഫാർമസിസ്റ്റുകൾക്ക് തന്നെ നൽകണം എന്ന വ്യവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എന്നാൽ ആ ചുമതല നിർവ്വഹിക്കുന്നതിന് ആവശ്യത്തിനുള്ള ഫാർമസിസ്റ്റ് തസ്തികകൾ സൃഷ്ടിക്കപ്പെട്ടില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ആരോഗ്യ വകുപ്പ് ഡയറക്ടർ ഫാർമസിസ്റ്റുകളുടെ തസ്തിക കൂടുതലായി വിവിധ ജില്ലകളിൽ സൃഷ്ടിക്കുന്നതു സംബന്ധിച്ച നിർദ്ദേശം സമർപ്പിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ അതു സംബന്ധിച്ച വിശദാംശങ്ങളും സർക്കാരിന്റെ ഭാഗത്തുനിന്ന് സ്വീകരിച്ച നടപടികളും വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 20.03.2013-ലെ മറുപടിക്ക്

<u>പോളിയോ രോഗനിവാരണ പരിപാടി</u>

710 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേശീയ പോളിയോരോഗ നിർമ്മാർജ്ജന പരിപാടിയുമായി ബന്ധപ്പെട്ട് നടത്തുന്ന തുള്ളിമരുന്ന് വിതരണം കേരളത്തിൽ അനിവാര്യമാണെന്ന് ബോദ്ധ്യപ്പെടുത്തത്തക്കവിധം സംസ്ഥാനാടിസ്ഥാനത്തിൽ ആരോഗ്യപഠനം നടത്തിയിട്ടുണ്ടോ;

(ബി) ദേശീയതലത്തിൽ സംസ്ഥാനങ്ങൾ തിരിച്ച് ഏതെങ്കിലും തരത്തിലുള്ള സർവ്വേ അനുബന്ധ വിഷയവുമായി ബന്ധപ്പെട്ട് നടത്തിയിട്ടുളളതായി അറിയുമോ;

(സി) എങ്കിൽ ആയതിന്റെ വിശദാംശം അറിയിക്കുമോ;

(ഡി) പോളിയോ തുള്ളിമരുന്ന് ക്യാമ്പയിനുമായി ബന്ധപ്പെട്ട് ജനങ്ങൾക്കുള്ള ആശങ്കകൾക്ക് തൃപ്തികരമായ വിശദീകരണം നൽകുവാൻ ആരോഗ്യവകുപ്പിന് കഴിഞ്ഞിട്ടുണ്ടോ;

(ഇ) എങ്കിൽ വിശദാംശം അറിയിക്കുമോ;

(എഫ്) മതിയായ പഠനങ്ങളുടെ അടിസ്ഥാനത്തിലല്ലാതെ ദേശീയ തലത്തിലുള്ള ഇത്തരം ക്യാമ്പയിനുകൾ എല്ലാ സംസ്ഥാനങ്ങളിലും നടപ്പിലാക്കുന്നത് ഗുണകരമാണോ എന്ന് ആരോഗ്യവകുപ്പ് വിലയിരുത്തിയിട്ടുണ്ടോ;

(ജി) ഇല്ലായെങ്കിൽ അത്തരം ഒരു പഠനഗവേഷണത്തിന് തയ്യാറാകുമോ?

# കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

<u>നാഷണൽ റൂറൽ ഹെൽത്ത് മിഷൻ പദ്ധതി</u>

711 ശ്രീ. ഇ.പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാഷണൽ റൂറൽ ഹെൽത്ത്മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തിന് ഫണ്ട് ലഭ്യമായിത്തുടങ്ങിയത് ഏതു സാമ്പത്തിക വർഷം മുതലാണെന്നു വ്യക്തമാക്കുമോ;

(ബി ആദ്യമായി എൻ.ആർ.എച്ച്.എം ഫണ്ട് ലഭ്യമായതുമുതൽ 2012-13 സാമ്പത്തിക വർഷം വരെയും ഓരോ സാമ്പത്തിക വർഷവും എത്ര തുകയാണു സംസ്ഥാനത്തിനു ലഭിച്ചതെന്നു വ്യക്തമാക്കുമോ;

(സി) 2013-14 സാമ്പത്തിക വർഷത്തിലേയ്ക്ക് എത്ര തുകയുടെ പദ്ധതികളാണ് സംസ്ഥാനം മുൻകൂറായി സമർപ്പിച്ചിട്ടുള്ളതെന്നു വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 20.03.2013-ലെ മറുപടിക്ക്

## സൊസൈറ്റി ഫോർ ദി പുവർ മെഡിക്കൽ അസിസ്റ്റൻസ് പദ്ധതി

712 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സൊസൈറ്റി ഫോർ ദി പുവർ മെഡിക്കൽ അസിസ്റ്റൻസ് പദ്ധതിയിൽ ഈ സർക്കാർ എത്ര പേർക്ക് കോഴിക്കോട് ജില്ലയിൽ സഹായം നൽകി എന്നത് നിയോജക മണ്ഡലം തിരിച്ച് വ്യക്തമാക്കുമോ;

(ബി) കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ സഹായം ലഭിച്ചവരുടെ പേര് മേൽവിലാസ വിവരം സഹിതം വിശദമായ പട്ടിക ലഭ്യമാക്കാമോ; എത്ര തുക ലഭിച്ചു എന്ന് വ്യക്തമാക്കാമോ;

(സി) ഈ പദ്ധതിയിൽ സഹായത്തിന് അപേക്ഷ നൽകിയാൽ എത്ര ദിവസത്തിനകം സഹായം ലഭ്യമാകും എന്നത് വ്യക്തമാക്കാമോ?

(ഡി) കൊയിലാണ്ടി നിയോജക മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ നിന്ന് ലഭിച്ച അപേക്ഷകളിൽ തീർപ്പാക്കാനായി ശേഷിക്കുന്ന അപേക്ഷ എത്ര; അത് ആരുടെയെല്ലാം; ഇത് എപ്പോൾ തീർപ്പാക്കും; വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

വീക്കിലി അയൺ ആന്റ് ഫോളിക് ആസിഡ് സപ്ലിമെന്ററി പ്രോഗ്രാം

713 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്കൂൾ വിദ്യാർത്ഥികളിൽ ഇരുമ്പിന്റെ കുറവ് പരിഹരിക്കുന്നതിനുള്ള (വീക്കിലി അയൺ ആന്റ് ഫോളിക് ആസിഡ് സപ്ലിമെന്ററി പ്രോഗ്രാം) നടപ്പിൽ വന്നിട്ടുണ്ടോ ;

(ബി) ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ ;

(സി) ഈ പദ്ധതിക്ക് പ്രതിവർഷം എത്ര രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത് ;

(ഡി) അയൺ ഗുളികകളുടെ ഗുണനിലവാരം ഉറപ്പു വരുത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ?

# കേരള നിയമസഭ
# 20.03.2013-ലെ മറുപടിക്ക്

<u>മൾട്ടി ഡ്രഗ് റസിസ്റ്റന്റ് ട്യൂബർക്കുലോസിസ്</u>

714 ശ്രീ. എം. ഉമ്മർ
,, വി. എം. ഉമ്മർ മാസ്റ്റർ
,, കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മൾട്ടി ഡ്രഗ് റസിസ്റ്റന്റ് ട്യൂബർക്കുലോസിസ് ബാധിതരുടെ എണ്ണം വർദ്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഇത് തടയുന്നതിന് സ്വീകരിച്ച മാർഗ്ഗങ്ങൾ വിശദമാക്കുമോ;

(സി) ഇത്തരം രോഗികളെ പുനരധിവസിപ്പിക്കുന്നതിനായി കൂടുതൽ കേന്ദ്രങ്ങൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

<u>നവജാതശിശു സ്ക്രീനിംഗ് ക്ലിനിക്കുകൾ</u>

715 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജനിതക വൈകല്യരോഗങ്ങൾ തുടക്കത്തിലേ കണ്ടെത്തി ചികിത്സിക്കുന്നതിന് നവജാതശിശു സ്ക്രീനിംഗ് ക്ലിനിക്കുകൾ തുടങ്ങാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഏതൊക്കെ ആശുപത്രികളിലാണ് ഇവ ആദ്യഘട്ടത്തിൽ തുടങ്ങുവാൻ ഉദ്ദേശിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

നവജാത ശിശുക്കളുടെ സ്ക്രീനിംഗ് പ്രോഗ്രാം

716

ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നവജാത ശിശുക്കളിൽ ജന്മനാ ഉണ്ടാകുന്ന ജനിതക വൈകല്യങ്ങൾ കണ്ടുപിടിക്കുന്നതിനായി സ്ക്രീനിംഗ് പ്രോഗ്രാം ആരംഭിച്ചിട്ടുണ്ടോ;

(ബി) ഏതൊക്കെ രോഗങ്ങളുടെ സ്ക്രീനിംഗ് ടെസ്റ്റുകളാണ് പ്രോഗ്രാമിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഇത് എല്ലാ സർക്കാർ ആശുപത്രികളിലും ലഭ്യമാണോ; ഇല്ലെങ്കിൽ മുഴുവൻ സർക്കാർ ആശുപത്രികളിലും ഈ സൗകര്യം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

<u>കേരളത്തിലെ വൃക്ക രോഗികൾ</u>

717 ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ വൃക്ക രോഗികളുടെ എണ്ണത്തിൽ വൻ വർദ്ധനവുണ്ടായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് ആരോഗ്യവകുപ്പ് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) താലൂക്കാശുപത്രികളിൽ വൃക്ക രോഗികൾക്ക് ഡയാലിസിസ് നടത്തുന്നതിനുള്ള പദ്ധതികളുടെ ഇപ്പോഴത്തെ അവസ്ഥ എന്താണ് എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

<u>ഡയാലിസിസ് സെന്ററുകൾ സ്ഥാപിക്കൽ</u>

718 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ എല്ലാ താലൂക്ക് ആശുപത്രികളോടും ചേർന്ന് ഡയാലിസിസ് യൂണിറ്റുകൾ തുടങ്ങുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ ;

(ബി) എം. എൽ. എ. മാരുടെ പ്രാദേശിക വികസനഫണ്ടിൽ നിന്നോ, എൽ. എസ്. ജി. ഡി. കളുടെ ഫണ്ടിൽ നിന്നോ ഡയാലിസിസ് സെന്റർ തുടങ്ങിയാൽ ആവർത്തനച്ചെലവുകൾ സർക്കാർ വഹിക്കുന്നതിന് നടപടി സ്വീകരിക്കാമോ ; വിശദമാക്കാമോ ;

(സി) ഗ്രാമപ്രദേശങ്ങളിലെ വൃക്കരോഗികൾ ടൗണുകളിലെ വൻകിട ആശുപത്രികളിലും, മെഡിക്കൽ കോളേജിലും പോയി ഡയാലിസിസ് നടത്തുന്നതിനുള്ള പ്രയാസങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടോ ;

(ഡി) ഇതിന് പരിഹാരം കാണുന്നതിന് മേൽ പ്രസ്താവിച്ച കാര്യത്തിൽ ഉചിതമായ തീരുമാനം എടുക്കുമോ ?

# കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

ഏകീകൃത പൊതുജനാരോഗ്യനയം

719 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഒരു ഏകീകൃത പൊതുജനാരോഗ്യനയം നിലവിലുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ഇല്ലെങ്കിൽ എകീകൃതപൊതുജനാരോഗ്യ നയം നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 20.03.2013-ലെ മറുപടിക്ക്

<u>ആർ.സി.സി. യെ നാഷണൽ ക്യാൻസർ സെന്ററായി ഉയർത്തൽ</u>

720 ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആർ.സി.സി യെ നാഷണൽ ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ട് ആക്കി ഉയർത്തുന്ന കാര്യത്തിൽ കേന്ദ്രസർക്കാരിൽ നിന്നും എന്തെങ്കിലും ഉറപ്പ് ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ വിശദാംശം ലഭ്യമാക്കുമോ?

## കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

<u>മാനസിക ആരോഗ്യ ചികിത്സ</u>

721 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ വർദ്ധിച്ചു വരുന്ന മാനസിക ദൗർബല്യ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ എല്ലാ പ്രാഥമിക ചികിത്സാ കേന്ദ്രങ്ങളിലും മാനസിക ആരോഗ്യ വിഭാഗം സ്ഥാപിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ ;

(ബി) പി.എച്ച്.സികൾ മുതൽ ജില്ലാ ആശുപത്രി വരെയുള്ള എല്ലാ ഡോക്ടർമാർക്കും മാനസിക ആരോഗ്യ ചികിത്സാ പരിശീലനം നൽകുന്നതിനുള്ള വിശദമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുമോ ?

# കേരള നിയമസഭ
# 20.03.2013-ലെ മറുപടിക്ക്

<u>ഗര്‍ഭിണികളിലും വിഷാദരോഗികളിലും തൈറോയ്ഡ് പരിശോധന</u>

722 ശ്രീ. കെ. വി. അബ്ദുള്‍ ഖാദര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഗര്‍ഭിണികളിലും, വിഷാദരോഗികളിലും ആദ്യ ക്ലിനിക്കല്‍ സന്ദര്‍ശനത്തില്‍ തന്നെ തൈറോയ്ഡ് പരിശോധന നടത്തണമെന്ന് വൈദ്യശാസ്ത്ര ഗവേഷണ സ്ഥാപനമായ 'എന്‍സെവിയര്‍' നിര്‍ദ്ദേശിച്ചിട്ടുണ്ടോ;

(ബി) ഇന്‍ഡ്യന്‍ തൈറോയ്ഡ് സൊസൈറ്റിയുടെ ഇറ്റ്സ്കോണ്‍ 2013 ല്‍ ഈ നിര്‍ദ്ദേശം ഉയര്‍ന്നുവന്നതായി ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(സി) എങ്കില്‍ ഇതു നടപ്പാക്കാന്‍ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

# കേരള നിയമസഭ
# 20.03.2013-ലെ മറുപടിക്ക്

<u>കേരള സംസ്ഥാന സ്വതന്ത്ര ഫിസിയോതെറാപ്പി കൗൺസിൽ രൂപീകരണം</u>

723 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന സ്വതന്ത്ര ഫിസിയോതെറാപ്പി കൗൺസിൽ രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഫിസിയോ തെറാപ്പി ബിരുദ കോഴ്സുകൾ നടത്തുന്ന എത്ര കോളേജുകളുണ്ട്; അവയിൽ നിന്നും കോഴ്സ് പൂർത്തിയാക്കി പ്രതിവർഷം എത്ര വിദ്യാർത്ഥികൾ പുറത്തുവരുന്നു;

(സി) ഫിസിയോ തെറാപ്പി ചികിത്സകരുടെ അടിസ്ഥാന യോഗ്യത നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ഡി) ഫിസിയോ തെറാപ്പിസ്റ്റുകളുടെ സ്വതന്ത്ര പ്രാക്ടീസ് അനുവദിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; കാരണം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

<u>ഹീമോഫീലിയ കെയർ സെന്ററുകൾ സ്ഥാപിക്കാൻ നടപടി</u>

724 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹീമോഫീലിയ രോഗം പിടിപെട്ട എത്ര പേർ സംസ്ഥാനത്ത് ഉണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്; ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഹീമോഫീലിയ രോഗികൾക്ക് രക്തസ്രാവം നിലയ്ക്കാനായി നൽകുന്ന ഫാക്ടർ ഇഞ്ചക്ഷൻ ഇപ്പോൾ സർക്കാർ ആശുപത്രികളിൽ കിട്ടാനില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടുവോ; വിശദമാക്കുമോ;

(സി) ഹീമോഫീലിയയുമായി ബന്ധപ്പെട്ട് അമിത രക്തസ്രാവവുമായി എത്തുന്ന രോഗികൾക്ക് എ. പി. എൽ., ബി. പി. എൽ വ്യത്യാസമില്ലാതെ ഇഞ്ചക്ഷൻ സൗജന്യമായി നൽകണമെന്ന കോടതി ഉത്തരവ് പല സർക്കാർ ആശുപത്രികളിലും നടപ്പാക്കാൻ തയ്യാറാകുന്നില്ലായെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടുവോ; എങ്കിൽ പ്രസ്തുത ഉത്തരവ് അടിയന്തിരമായി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) ഹീമോഫീലിയ ഇഞ്ചക്ഷനുള്ള ഫാക്ടറുകൾക്ക് ഉയർന്നതും പല തരത്തിലുള്ളതുമായ വിലകളാണ് മെഡിക്കൽ സ്റ്റോറുകൾ ഈടാക്കുന്നതെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടുവോ; എങ്കിൽ ഇത് പരിഹരിക്കുവാൻ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ;

(ഇ) ഈ രംഗത്ത് വിദഗ്ധ ഡോക്ടർമാരുടെ സേവനം കുറഞ്ഞു വരുന്നതായി കരുതുന്നുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ;

(എഫ്) സംസ്ഥാനത്തെ എല്ലാ ജില്ലകളിലും പ്രത്യേക ഹീമോഫീലിയ കെയർ സെന്ററുകൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
# 20.03.2013-ലെ മറുപടിക്ക്

<u>സ്കൂൾ ഹെൽത്ത് പ്രോഗ്രാം</u>

725 ശ്രീ. റ്റി. എൻ. പ്രതാപൻ
,, ഷാഫി പറമ്പിൽ
,, ഐ. സി. ബാലകൃഷ്ണൻ
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്കൂൾ ഹെൽത്ത് പ്രോഗ്രാം വ്യാപിപ്പിക്കുന്ന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഏതെല്ലാം സ്കൂളുകളിലേക്കാണ് ഈ പ്രോഗ്രാം വ്യാപിപ്പിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) എന്തെല്ലാം പ്രയോജനങ്ങളാണ് ഈ പ്രോഗ്രാം വഴി കുട്ടികൾക്ക് ലഭിക്കുന്നത്;

(ഡി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് ഇത് നടപ്പാക്കുന്നത്; വിശദമാക്കുമോ?

# കേരള നിയമസഭ
# 20.03.2013-ലെ മറുപടിക്ക്

<u>സമഗ്ര ആരോഗ്യനയം</u>

726 ശ്രീ. വി. പി. സജീന്ദ്രൻ
,, അൻവർ സാദത്ത്
,, വി. റ്റി. ബൽറാം
,, എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഒരു സമഗ്ര ആരോഗ്യ നയം രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) മുഴുവൻ ജനങ്ങൾക്കും ഹെൽത്ത് കാർഡ് ലഭ്യമാക്കുന്നതിനുള്ള കാര്യങ്ങൾ നയത്തിൽ ഉൾപ്പെടുത്തുമോ;

(സി) നയം രൂപീകരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

# കേരള നിയമസഭ
# 20.03.2013-ലെ മറുപടിക്ക്

<u>ഭക്ഷ്യസുരക്ഷ</u>

727 ശ്രീ. എം. പി. വിൻസെന്റ്
,, സണ്ണി ജോസഫ്
,, പാലോട് രവി
,, എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുവാൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; വിശദമാക്കുമോ;

(ബി) ഇതിനായി ഭക്ഷ്യസുരക്ഷാ വകുപ്പ് ശക്തമാക്കാൻ എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഇതിനായി ഭരണതലത്തിൽ ഏതെല്ലാം പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്;

(ഡി) ഈ ലക്ഷ്യം കൈവരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനുദ്ദേശിക്കുന്നു?

# കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

ഔഷധസസ്യങ്ങളുടെ സംരക്ഷണം

728 ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ
,, എൻ. ഷംസുദ്ദീൻ
,, സി. മോയിൻകുട്ടി
,, കെ.എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആരോഗ്യസംരക്ഷണ പ്രവർത്തനരംഗത്ത് അനിവാര്യമായ ഔഷധസസ്യങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിന് ആരോഗ്യവകുപ്പിന് എന്തെങ്കിലും പദ്ധതികൾ നിലവിലുണ്ടോ; എങ്കിൽ അതുസംബന്ധിച്ച വിശദവിവരം നല്കാമോ;

(ബി) വെളിമ്പറമ്പുകളിൽ ലഭ്യമായിരുന്ന വിവിധതരം ഔഷധസസ്യങ്ങൾ വിവേചനരഹിതമായി ശേഖരിക്കുന്നതുമൂലവും, ഭൂവിനിയോഗത്തിലെ മാറ്റങ്ങളുംമൂലം അന്യം നിന്നു പോകുന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) വംശനാശം വന്നുകൊണ്ടിരിക്കുന്ന ഔഷധസസ്യങ്ങളെ സംരക്ഷിക്കുന്നതിനും, ഔഷധനിർമ്മാണത്തിനാവശ്യമായവയുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനും, വിവിധ വകുപ്പുകളുമായി സഹകരിച്ച് ഒരു സമഗ്ര പദ്ധതി നടപ്പാക്കുന്ന കാര്യം പരിഗണിക്കുമോ?

## കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

<u>കാരുണ്യ ഫാമിലി മെഡിസിൻ കാർഡ് പദ്ധതി</u>

729 ശ്രീ. കെ. ശിവദാസൻ നായർ
,, തേറമ്പിൽ രാമകൃഷ്ണൻ
,, ഡൊമിനിക് പ്രസന്റേഷൻ
,, റ്റി. എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാരുണ്യാ ഫാമിലി മെഡിസിൻ കാർഡ് പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ജീവൻ രക്ഷാ മരുന്നുകൾ വിലകുറച്ച് ഭവനങ്ങളിൽ എത്തിക്കുവാൻ എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ;

(ഡി) ആരുടെ നേതൃത്വത്തിലാണ് പദ്ധതി നടപ്പാക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാമാണ് ?

# കേരള നിയമസഭ
# 20.03.2013-ലെ മറുപടിക്ക്

<u>ആരോഗ്യ വകുപ്പിൽ ജനസമ്പർക്ക പരിപാടി</u>

730

ശ്രീ. സി. ദിവാകരൻ
ശ്രീമതി ഇ. എസ്. ബിജിമോൾ
ശ്രീ. ഇ. കെ. വിജയൻ
,, ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിൽ ജനസമ്പർക്ക പരിപാടി നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഈ പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ജനസമ്പർക്ക പരിപാടിയിലൂടെ ലഭിക്കുന്ന പരാതികൾ പരിശോധിക്കുന്നതിനും പരിഹരിക്കുന്നതിനുമായി എന്തെങ്കിലും സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ?

# കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

എൻ.ആർ.എച്ച്.എം. ഫണ്ട് വിനിയോഗം

731 ശ്രീ. പി. ബി. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എൻ.ആർ.എച്ച്.എം. ഫണ്ട് ഉപയോഗിച്ച് കാസർകോട് ജില്ലയിൽ ഏതൊക്കെ പരിപാടികളും പദ്ധതികളുമാണ് ഏറ്റെടുത്ത് നടപ്പാക്കുന്നത് എന്ന് വ്യക്തമാക്കുമോ ;

(ബി) 2010-2011, 2011-2012, 2012-2013 സാമ്പത്തിക വർഷങ്ങളിൽ ജില്ലയിൽ ഇതിനായി എത്ര തുക ചെലവഴിച്ചു;

(സി) ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യ കേന്ദ്രങ്ങൾക്കും ഉപകേന്ദ്രങ്ങൾക്കും കെട്ടിട സൗകര്യം ഏർപ്പെടുത്തുന്നതിനായി എൻ.ആർ.എച്ച്.എം. ഫണ്ട് ഉപയോഗിച്ചിട്ടുണ്ടോ;

(ഡി) ആശുപത്രികളുടെയും മറ്റു ആരോഗ്യ കേന്ദ്രങ്ങളുടെയും അടിസ്ഥാന സൗകര്യ വികസനത്തിനായി എത്ര രൂപ എൻ.ആർ.എച്ച്.എം ഫണ്ടിൽ നിന്നും ഇതുവരെ ചെലവഴിച്ചു ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഇ) ആരോഗ്യ മേഖലയിൽ പ്രവർത്തിക്കുന്ന ആശ വർക്കർമാർക്ക് കഴിഞ്ഞ കുറെ മാസങ്ങളിലായി വേതനം ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 20.03.2013-ലെ മറുപടിക്ക്

<u>എൻ.ആർ.എച്ച്.എം. അർബൻ ഹെൽത്ത് പ്രോഗ്രാം</u>
<u>സൂപ്പർവൈസർ നിയമനം</u>

732 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എൻ.ആർ.എച്ച്.എം. വഴി അർബൻ ഹെൽത്ത് പ്രോഗ്രാമിൽ എത്ര ജെ.പി.എച്ച്.എൻമാരാണ് ജോലി ചെയ്യുന്നത്;

(ബി) ഇവർ കൃത്യമായി ജോലി ചെയ്യുന്നുണ്ടോ എന്ന് ഉറപ്പുവരുത്തുന്നത് ആരാണ്; ഇതിനായി സൂപ്പർവൈസറെ നിയോഗിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഈ സൂപ്പർവൈസർ കൃത്യമായി ജോലിക്ക് ഹാജരാകുന്നുണ്ടോ, ഇവരെ നിയമിച്ചതാരാണ്; ഇതിന്റെ മാനദണ്ഡം വ്യക്തമാക്കാമോ;

(ഡി) ഇവരുടെ വിദ്യാഭ്യാസ യോഗ്യത എന്താണ്; പത്രപരസ്യം നൽകിയിട്ടുണ്ടോ;

(ഇ) ഇപ്പോഴത്തെ എൻ.ആർ.എച്ച്.എം. സൂപ്പർവൈസർമാർ ആരെങ്കിലും അച്ചടക്കനടപടി നേരിട്ടിട്ടുണ്ടോ; വകുപ്പുതല നടപടിക്ക് വിധേയമായിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

<u>എൻ.ആർ.എച്ച്.എം. ഫണ്ട്</u>

733 ശ്രീ. പി. ബി. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എൻ.ആർ.എച്ച്.എം. ഫണ്ട് ഉപയോഗിച്ച് ദേശീയ പാതയോരത്തുള്ള സർക്കാർ ആരോഗ്യകേന്ദ്രങ്ങളിൽ അത്യാഹിത വിഭാഗവും ആധുനിക രീതിയിലുള്ള ആംബുലൻസും ലഭ്യമാക്കാനുള്ള പദ്ധതി നിലവിലുണ്ടോ; ഇതിനായി നാളിതുവരെ എത്ര തുക ചെലവഴിച്ചു;

(ബി) കാസർകോട് ജില്ലയിലെ ഏതെങ്കിലും സ്ഥാപനത്തിൽ ഈ പദ്ധതി തുടങ്ങാനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(സി) ആരോഗ്യ രംഗത്ത് പ്രവർത്തിക്കുന്ന സഹകരണ/സ്വകാര്യ സ്ഥാപനങ്ങളുമായി സഹകരിച്ച് മേൽ പറഞ്ഞ പദ്ധതി നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

# കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

<u>സർക്കാർ ലാബുകളുടെ നടത്തിപ്പ്</u>

734 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ലാബുകളുടെ നടത്തിപ്പ് ചുമതല ആരെയാണ് ഏൽപ്പിച്ചിട്ടുള്ളത്;

(ബി) നിലവിൽ സ്ഥിരം ജീവനക്കാരായി എത്ര ടെക്നീഷ്യൻമാരാണുള്ളത്; ഇവിടെ നിയമനം നടത്തിയിട്ട് എത്ര വർഷമായി; നിയമനം നടത്തുന്നതിന് നിലവിൽ പി. എസ്. സി. ലിസ്റ്റുണ്ടോ;

(സി) സംസ്ഥാനത്തൊട്ടാകെ എത്ര താൽക്കാലിക ടെക്നീഷ്യൻമാരെയാണ് നിയമിച്ചിട്ടുള്ളത്; താൽക്കാലിക നിയമനത്തിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്?

# കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

<u>അനധികൃത ലാബുകൾ അടച്ചു പൂട്ടാൻ നടപടി</u>

735 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലാബുകളും സ്കാനിംങ് സെന്ററുകളും പ്രവർത്തിക്കുന്നതിന് ലൈസൻസ് നിർബന്ധമാക്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന ലാബുകളുടെയും സ്കാനിംങ് സെന്ററുകളുടെയും വിവരശേഖരണം നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) ലൈസൻസ് ഇല്ലാത്ത ഇത്തരം സ്ഥാപനങ്ങൾ അടച്ചു പൂട്ടുന്നതിനും പുതിയ സ്ഥാപനങ്ങൾ ആരംഭിക്കുമ്പോൾ ലൈസൻസ് നേടിയിട്ടുണ്ടോ എന്ന് ഉറപ്പ് വരുത്തുന്നതിനും നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

<u>സ്വകാര്യ മേഖലയിലെ നേഴ്സുമാർ നേരിടുന്ന പ്രശ്നങ്ങൾ</u>

736 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്വകാര്യമേഖലയിലെ നേഴ്സുമാർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ സമഗ്ര നിയമത്തിന് രൂപം നൽകാൻ കേന്ദ്രസർക്കാർ സംസ്ഥാന സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) ജോലിക്ക് ബോണ്ട് ഏർപ്പെടുത്തുക; സർട്ടിഫിക്കറ്റുകൾ പിടിച്ചുവെയ്ക്കുക എന്നീ അധാർമിക പ്രവർത്തികൾ ചെയ്യുന്ന സ്ഥാപനങ്ങളെ ശിക്ഷിക്കണമെന്ന് ഇന്ത്യൻ നേഴ്സിംഗ് കൗൺസിൽ സംസ്ഥാന സർക്കാരിന് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത നിർദ്ദേശങ്ങൾ നടപ്പാക്കപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

<u>ആലപ്പുഴ ഗവൺമെന്റ് നഴ്സിംഗ് കോളേജ് സ്റ്റാഫ് പാറ്റേൺ</u>

737 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ഗവൺമെന്റ് നഴ്സിംഗ് കോളേജിൽ അദ്ധ്യാപക, അദ്ധ്യാപകേതര ജീവനക്കാരുടെ അനുവദനീയമായ തസ്തിക, നിലവിൽ ജോലി ചെയ്യുന്നവർ, ഒഴിവുകൾ എന്നിവ വിശദമാക്കാമോ ;

(ബി) ഒഴിവുകൾ നികത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ;

(സി) ഇന്ത്യൻ നഴ്സിംഗ് കൗൺസിൽ നിഷ്കർഷിക്കുന്ന പ്രകാരം ആലപ്പുഴ ഗവൺമെന്റ് നഴ്സിംഗ് കോളേജിൽ ആവശ്യമായ അദ്ധ്യാപക, അദ്ധ്യാപകേതര തസ്തികകൾ നിലവിലുണ്ടോ ; ഇല്ലെങ്കിൽ പുതിയ തസ്തികകൾ സൃഷ്ടിക്കാൻ നടപടി സ്വീകരിക്കുമോ ;

(ഡി) ആലപ്പുഴ ഗവൺമെന്റ് നഴ്സിംഗ് കോളേജിൽ ഇന്ത്യൻ നഴ്സിംഗ് കൗൺസിൽ നിഷ്കർഷിക്കുന്ന സൗകര്യങ്ങൾ ഉറപ്പുവരുത്തി കോളേജിനും കോഴ്സുകൾക്കും അംഗീകാരം നിലനിർത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

ആലപ്പുഴ നഴ്സിംഗ് കോളേജിൽ ലേഡീസ് ഹോസ്റ്റൽ നിർമ്മാണം

738 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ഗവൺമെന്റ് നഴ്സിംഗ് കോളേജിന്റെ ലേഡീസ് ഹോസ്റ്റലിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എന്നാണ് ആരംഭിച്ചത്; ഇതിന്റെ അടങ്കൽ തുക എത്രയാണ്; ആരാണ് കരാറുകാരൻ; കരാർ പ്രകാരം എന്നാണ് നിർമ്മാണം പൂർത്തിയാക്കേണ്ടത്, എന്നിവ വിശദമാക്കാമോ;

(ബി) ആദ്യഘട്ട നിർമ്മാണപുരോഗതി വ്യക്തമാക്കാമോ; ഒന്നാംഘട്ടം എന്നു പൂർത്തിയാകുമെന്ന് അറിയിക്കാമോ;

(സി) ആലപ്പുഴ ഗവൺമെന്റ് നഴ്സിംഗ് കോളേജിൽ ലേഡീസ് ഹോസ്റ്റൽ നിർമ്മിക്കുന്നതിന് കേന്ദ്ര സഹായം ലഭ്യമായിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ;

(ഡി) കേന്ദ്രഫണ്ട് ഉപയോഗിക്കുന്നതിന് കാലാവധിയുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ഇ) ഇരുനൂറ്റിഅൻപതോളം വിദ്യാർത്ഥിനികൾ താമസസൗകര്യമില്ലാതെ ഭാരിച്ച വാടക നൽകി കോളേജിന് പുറത്ത് താമസിക്കേണ്ടിവരുന്ന അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതൊഴിവാക്കാൻ എന്തു അടിയന്തിര നടപടിയാണ് സ്വീകരിക്കുവാനുദ്ദേശിക്കുന്നത്?

# കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

ആന്റിവെനം സൂക്ഷിക്കുന്നതിനും ചികിത്സ നൽകുന്നതിനുമുള്ള സംവിധാനം

739 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിൽ വിഷപ്പാമ്പിന്റെ ശല്യം രൂക്ഷമായിരിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പൊതുജനത്തിന്റെ ആരോഗ്യ സംരക്ഷണത്തിന്റെ ഭാഗമായ ആന്റിവെനം മരുന്ന് സൂക്ഷിക്കുന്നതിനും ചികിത്സ നൽകുന്നതിനുമുള്ള സംവിധാനം വൈപ്പിൻ മണ്ഡലത്തിൽ ലഭ്യമല്ലാത്തതിനാൽ തുടർചികിത്സ ദുഷ്കരമാകുന്നത് ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

<u>അലങ്കാരത്തിനായി ഉപയോഗിക്കുന്ന ലേസർ ലൈറ്റുകളുടെ ദൂഷ്യ വശങ്ങളെപ്പറ്റി പഠനം നടത്താൻ നടപടി</u>

740 ശ്രീ. എം. എ. ബേബി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കടകളിലും ആഘോഷവേളകളിലും മറ്റും അലങ്കാരത്തിനായി വ്യാപകമായി ഉപയോഗിക്കുന്ന ലേസർ ലൈറ്റുകൾ മനുഷ്യന്റെ കണ്ണുകളിൽ നേരിട്ടു പതിക്കുന്നതുമൂലമുണ്ടാകുന്ന ദൂഷ്യ വശങ്ങളെപ്പറ്റി ആരോഗ്യ വകുപ്പ് എന്തെങ്കിലും പഠനങ്ങൾ നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(സി) ഇല്ലെങ്കിൽ ഈ വിഷയത്തെപ്പറ്റി വിശദമായി പഠിച്ച് ആവശ്യമെങ്കിൽ കർശന നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

<u>ആരോഗ്യ വകുപ്പിലെ സ്ഥലംമാറ്റം</u>

741 ശ്രീ. പി. കെ. ഗുരുദാസൻ
,, എ. എം. ആരിഫ്
,, ബി. ഡി. ദേവസ്സി
,, കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിൽ വർക്ക് അറേഞ്ച്മെന്റിന്റെ പേരിൽ കോഴ വാങ്ങി സ്ഥലം മാറ്റം നടത്തുന്നതായി മാധ്യമങ്ങളിൽ വന്ന വാർത്ത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിരുന്നോ; ഇതിനെക്കുറിച്ച് സർക്കാർ എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) സ്ഥലം മാറ്റത്തിനായി നിയമ വിരുദ്ധമായി ഇടപെടലുകൾ നടത്തിയതു കൊണ്ട് ഏതെങ്കിലും സംഘടനാ നേതാക്കളെ സ്ഥലം മാറ്റുകയുണ്ടായോ;

(സി) ഈ ഉത്തരവുകൾ നടപ്പിലായോ; ഇല്ലെങ്കിൽ കാരണമെന്തെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
# 20.03.2013-ലെ മറുപടിക്ക്

<u>റസ്പിറേറ്ററി മെഡിസിൻ വിഭാഗത്തിൽ തസ്തിക</u>

742

ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റസ്പിറേറ്ററി മെഡിസിൻ വിഭാഗത്തിൽ കോഴിക്കോട് ജില്ലയിൽ ഏതെല്ലാം ആശുപത്രികളിലാണ് തസ്തിക നിലവിലുള്ളത് എന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത തസ്തിക കോഴിക്കോട് ജില്ലയിൽ നിലവിലില്ലെങ്കിൽ കുറ്റ്യാടി താലൂക്ക് ഗവഃ ആശുപത്രിയിൽ പ്രസ്തുത തസ്തിക അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ആശുപത്രിയിലെ സർജറി, അനസ്തേഷ്യ എന്നീ വിഭാഗങ്ങളിലുളള ഏതെങ്കിലും, തസ്തിക റസ്പിറേറ്ററി മെഡിസിൻ തസ്തികയായി കൺവേർട്ട് ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുമോ?

## കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

<u>കാലടി സാമൂഹ്യ ആരോഗ്യ കേന്ദ്രത്തിൽ അസിസ്റ്റന്റ് സർജൻമാരുടെ തസ്തിക</u>

743 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജകമണ്ഡലത്തിലെ കാലടി സാമൂഹ്യ ആരോഗ്യകേന്ദ്രത്തിൽ ദിനംപ്രതിയെത്തുന്ന ആയിരക്കണക്കിന് രോഗികളുടെ കഷ്ടപ്പാടുകൾ കണക്കിലെടുത്ത് 3 അസിസ്റ്റന്റ് സർജൻമാരുടെ തസ്തികകൾ സൃഷ്ടിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് 1.1.2013-ൽ ആരോഗ്യവകുപ്പ് ഡയറക്ടർ സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ സ്വീകരിച്ച നടപടി എന്തെന്ന് വിശദമാക്കാമോ;

(സി) ആവശ്യമായ അസിസ്റ്റന്റ് സർജൻമാരുടെ ഒഴിവുകൾ എന്നത്തേക്ക് നികത്തുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

<u>ഹെൽത്ത് സാനിട്ടറി ഇൻസ്പെക്ടർ കോഴ്സ് പാസ്സായവരെ പരിഗണിക്കാൻ നടപടി</u>

744 ശ്രീ. പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹെൽത്ത് സാനിട്ടറി ഇൻസ്പെക്ടർ കോഴ്സ് (നാഷണൽ കൗൺസിൽ വൊക്കേഷണൽ ട്രെയിനിംഗ്) പാസ്സായ വ്യക്തികളെ പകർച്ചവ്യാധികളെ പ്രതിരോധിക്കുന്നതിന് ആരോഗ്യവകുപ്പിന്റെ കീഴിൽ നിയമിക്കുന്നുണ്ടോ;

(ബി) ഈ കോഴ്സ് ആരോഗ്യവകുപ്പ് അംഗീകരിച്ചിട്ടുണ്ടോ;

(സി) ട്രെയിനിംഗിന്റെ ഭാഗമായി അപ്രന്റീസ്ഷിപ്പ് നൽകുന്നുണ്ടോ;

(ഡി) ഹെൽത്ത് ഇൻസ്പെക്ടർമാരെ നിയമിക്കുമ്പോൾ ഈ കോഴ്സ് പാസ്സായവരെ കൂടി പരിഗണിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

<u>ഹൗസ് സർജൻമാരുടെ സ്റ്റൈഫന്റ് വർദ്ധന</u>

745 ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എം. ബി. ബി. എസ്. ഹൗസ് സർജൻമാരുടെ സ്റ്റൈഫന്റ് വർദ്ധിപ്പിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഉണ്ട് എങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഇതേ രീതിയിൽ ഹോമിയോ, ആയുർവേദിക് ഹൗസ് സർജൻമാരുടെ സ്റ്റൈഫന്റ് വർദ്ധിപ്പിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ഡി) ഉണ്ട് എങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

<u>കല്യാശ്ശേരി മണ്ഡലത്തിലെ ആശുപത്രികളിൽ ഡോക്ടർമാരുടെ ഒഴിവുകൾ</u>

746 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിൽ സി.എച്ച്.സി., പി.എച്ച്.സി. കളിലായി എത്ര ഡോക്ടർമാരുടെ ഒഴിവുകളുണ്ട്; വിശദാംശം നൽകാമോ; ഇവിടങ്ങളിൽ ഡോക്ടർമാരെ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) പുതിയങ്ങാടിയിലെ ഫിഷറീസ് ആശുപത്രിയിൽ സ്ഥിരം ഡോക്ടറെ നിയമിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 20.03.2013-ലെ മറുപടിക്ക്

<u>കാസർകോട് ജില്ലയിലെ മൊഗ്രാൽ യൂനാനി ആശുപത്രിയിൽ ഫാർമസിസ്റ്റിനെ നിയമിക്കാൻ നടപടി</u>

747 ശ്രീ. പി. ബി. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഏക സർക്കാർ യൂനാനി ആശുപത്രിയായ കാസർകോട് ജില്ലയിലെ മൊഗ്രാൽ യൂനാനി ആശുപത്രിയിൽ ഫാർമസിസ്റ്റ് ഇല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) താത്ക്കാലികാടിസ്ഥാനത്തിൽ ഇവിടെ ഫാർമസിസ്റ്റിനെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) ഇവിടെ എൻ.ആർ.എച്ച്.എം. ഫണ്ട് ഉപയോഗിച്ച് മരുന്ന് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

<u>അനധികൃത അവധിയെടുക്കുന്ന ഡോക്ടർമാർക്കെതിരെ നടപടി.</u>

748 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അനധികൃതമായി ലീവെടുത്ത് സർക്കാർ ഡോക്ടർമാർ സ്വകാര്യ മേഖലയിൽ പ്രാക്ടീസ് ചെയ്യുന്ന വിവരം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ എത്ര ഡോക്ടർമാരുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ; ഇത്തരത്തിൽ പ്രവർത്തിക്കുന്ന ഡോക്ടർമാർക്കെതിരെ എപ്രകാരമുള്ള കർശന നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) അനധികൃത ലീവ് അനുവദിക്കുകയില്ലെന്ന് ഉറപ്പുവരുത്താൻ എന്തൊക്കെ നടപടികളാണ് ഇപ്പോൾ സ്വീകരിച്ചുപോരുന്നത്; ഇതിൽ എന്തെങ്കിലും മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(ഡി) പിന്നോക്ക-ഗ്രാമീണ മേഖലകളിലെ ജനങ്ങളുടെ ആരോഗ്യ പരിരക്ഷാർത്ഥം ഡോക്ടർമാർക്ക് ഏർപ്പെടുത്തിയിരുന്ന നിർബന്ധിത ഗ്രാമീണ സേവനം ആരോഗ്യ വകുപ്പ് പിൻവലിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇപ്രകാരം ഒരു തീരുമാനമെടുക്കാൻ ആരോഗ്യവകുപ്പിനെ പ്രേരിപ്പിച്ച കാരണമെന്താണ്; വ്യക്തമാക്കുമോ;

(ഇ) ഒരു എം.ബി.ബി.എസ് വിദ്യാർത്ഥി പഠനം പൂർത്തിയാക്കി ഡോക്ടറാകുന്നതിന് സംസ്ഥാന ഖജനാവിൽ നിന്നും എത്ര തുക ചെലവഴിക്കുന്നു; ഡോക്ടർ ആയി കഴിഞ്ഞ ശേഷം ഇവർ ഗ്രാമീണ സേവനം നടത്താതെയും അയൽ സംസ്ഥാനങ്ങളിലും, വിദേശത്തും ജോലി തേടി പോകുന്ന പ്രവണത വർദ്ധിക്കുന്നതായി മനസിലാക്കിയിട്ടുണ്ടോ;

(എഫ്) എങ്കിൽ ഇങ്ങിനെയുള്ളവരെ സമൂഹത്തിന്റെ പൊതുധാരയിൽ കൊണ്ടുവരാൻ ക്രീയാത്മകമായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

<u>ആശ്രിത നിയമനം</u>

749 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആശ്രിത നിയമനത്തിനായുള്ള സിനിത. എൻ.എസ് ന്റെ ഫയലിന്മേൽ (12115/എച്ച്1) ആരോഗ്യവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സ്വീകരിച്ച നടപടിക്രമങ്ങൾ വിശദമാക്കുമോ;

(ബി) ആരോഗ്യവകുപ്പിൽ സിനിതയ്ക്ക് ആശ്രിത നിയമനം നൽകുന്നതിനായി നൽകിയ അപേക്ഷയിൽ അനുഭാവപൂർവ്വ നടപടികൾ കൈക്കൊണ്ട് ആശ്രിതനിയമനം നൽകുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

ഡോക്ടർമാരുടെ ഒഴിവുകൾ നികത്താൻ നടപടി

750 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആരോഗ്യസേവനമേഖലയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(ബി) ആരോഗ്യവകുപ്പിൽ നിലവിൽ എത്ര ഡോക്ടർമാരുടെ ഒഴിവുകൾ ഉണ്ടെന്ന് ഇനം തിരിച്ചു വ്യക്തമാക്കുമോ;

(സി) രണ്ടായിരം ഡോക്ടർമാരെ നിയമിക്കുന്നതിനുവേണ്ടി പി.എസ്.സി. വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോ;

(ഡി) നിലവിൽ എത്ര ഡോക്ടർമാരുടെ ഒഴിവുകൾ സംസ്ഥാനത്തുണ്ട്; നിലവിലുള്ള ഒഴിവുകളിൽ, 2011-ൽ പ്രസിദ്ധീകരിച്ച് നിലവിൽ പ്രാബല്യത്തിലുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്താൻ അടിയന്തിരനടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

<u>സർക്കാർ ആശുപത്രികളിൽ പുതിയ തസ്തിക സൃഷ്ടിക്കുന്നതിന് നടപടി</u>

751 ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജീവനക്കാരുടെ കുറവ് കാരണം പ്രയാസപ്പെടുന്ന സർക്കാർ ആശുപത്രികളിൽ പുതിയ തസ്തിക സൃഷ്ടിക്കുന്നതിന് തയ്യാറാകുമോ;

(ബി) ഈ സർക്കാർ നിലവിൽവന്നതിന്ശേഷം ആരോഗ്യവകുപ്പിൽ എത്ര പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്;

(സി) സി.എച്ച്.സികളിലും, താലൂക്ക് ആശുപത്രിയിലും ഡോക്ടർമാരുടെ പുതിയ തസ്തിക അനുവദിക്കാൻ ആലോചിക്കുന്നുണ്ടോ;

(ഡി) കൊടുവള്ളി, നരിക്കുനി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിൽ ഗൈനക്കോളജിസ്റ്റ് തസ്തിക സൃഷ്ടിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 20.03.2013-ലെ മറുപടിക്ക്

താനൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ഡോക്ടർമാരുടെ നിയമനം

752 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) താനൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ തീരപ്രദേശത്തെ മത്സ്യത്തൊഴിലാളികൾ ഏറെ ആശ്രയിക്കുന്ന ആതുരാലയമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ദിനംപ്രതി 700 ഓളം രോഗികൾ ഇവിടെ ചികിത്സ തേടിയെത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇവരിൽ മഹാഭൂരിപക്ഷവും ഗർഭിണികളും കുട്ടികളുമാണെന്ന കാര്യം അറിയാമോ;

(ഡി) ഈ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ നിലവിൽ ഓപ്പറേഷൻ തിയേറ്ററും ജനറേറ്ററും മറ്റടിസ്ഥാന സൗകര്യങ്ങളും നിലവിലുണ്ടെന്ന കാര്യം അറിയാമോ;

(ഇ) താനൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ഒരു ഗൈനക്കോളജിസ്റ്റിന്റെയും പീഡിയാട്രീഷ്യന്റെയും തസ്തിക അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

<u>തിരുവനന്തപുരം മെഡിക്കൽ കോളേജിലെ</u>
<u>ജലദൗർലഭ്യം</u>

753 ശ്രീ. കോടിയേരി ബാലകൃഷ്ണൻ
,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ
,, ബി. സത്യൻ
,, വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജലവിതരണ സമ്പ്രദായത്തിലെ തകരാറുകാരണം തിരുവനന്തപുരം മെഡിക്കൽ കോളേജിൽ അടിക്കടി ജലം കിട്ടാതായി രോഗികൾ ബുദ്ധിമുട്ടിലാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) രോഗികൾ ജലദൗർലഭ്യം കൊണ്ട് വലഞ്ഞ സന്ദർഭത്തിൽ ആരോഗ്യവകുപ്പുമന്ത്രിയോ ഉന്നതോദ്യോഗസ്ഥരോ പ്രശ്നത്തിലിടപെട്ടില്ലെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രശ്ന പരിഹാരത്തിനായി എന്തെങ്കിലും ബദൽ മാർഗ്ഗങ്ങൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

## കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

<u>തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ജലക്ഷാമം</u>

754 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജ് ഹോസ്പിറ്റലിലും എസ്.എ.റ്റി. ആശുപത്രിയിലും ദൈനം ദിനം എത്ര വീതം സർജറികളാണ് ശരാശരി നടക്കാറുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ജലക്ഷാമം നേരിട്ട ദിവസങ്ങളിൽ എത്ര സർജറികളാണ് മാറ്റിവെക്കപ്പെട്ടതെന്നും, എത്ര സർജറികൾ വീതം നടന്നുവെന്നും അറിയിക്കുമോ;

(സി) ഓപ്പറേഷൻ തീയറ്ററുകളിലും അത്യാഹിത വിഭാഗങ്ങളിലും ഒരാഴ്ചത്തേക്കുള്ള ജലമെങ്കിലും സംഭരിക്കാനുള്ള സംവിധാനം ഒരുക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ;

## കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

<u>തിരുവനന്തപുരം മെഡിക്കൽ കോളേജിലെ</u>
<u>ജലദൗർലഭ്യം ബദൽ സംവിധാനം</u>

755 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുടിവെള്ള പൈപ്പ് പൊട്ടിയതിനെ തുടർന്ന് തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിലും എസ്.എ.റ്റി. ആശുപത്രിയിലുമടക്കം തലസ്ഥാനത്ത് രോഗികൾക്കുണ്ടായ ബുദ്ധിമുട്ടുകൾ സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(ബി) രോഗികളുടെ പ്രാഥമികാവശ്യങ്ങൾ നിർവ്വഹിക്കുന്നതിനോ, ഓപ്പറേഷൻ തിയറ്ററിലും, ലേബർറൂമിലും, നവജാത ശിശുക്കളെ ശുദ്ധിവരുത്തുന്നതിനുപോലും വെള്ളം ലഭിക്കാതിരുന്നിട്ടും സർക്കാർ നിസ്സംഗത പാലിച്ചത് എന്തുകൊണ്ടാണ്;

(സി) മൂന്നു ദിവസമായിട്ടും ബദൽ സംവിധാനം ഒരുക്കാതിരുന്ന ആശുപത്രി അധികൃതർക്കെതിരെ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 20.03.2013-ലെ മറുപടിക്ക്

**<u>അറ്റകുറ്റപ്പണി നടത്താത്തതു മൂലം തുടർച്ചയായ പൈപ്പ് പൊട്ടൽ</u>**

756 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വെള്ളമില്ലാതെ തലസ്ഥാനത്തെ ആശുപത്രികളിൽ ജനങ്ങൾ ബുദ്ധിമുട്ടിലായപ്പോൾ വകുപ്പു അധികൃതരുടെ മൊബൈൽ ഫോണുകൾ നിശ്ചലമാക്കിവെയ്ക്കാൻ ഇടയായ സാഹചര്യം വ്യക്തമാക്കുമോ;

(ബി) എസ്.എ.റ്റി ആശുപത്രി സൂപ്രണ്ടടക്കമുള്ളവർ ആശുപത്രിയിൽ നിന്നും മുങ്ങിയതായ പത്രവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) മെഡിക്കൽ കോളേജ് ആശുപത്രിയിലേക്കുള്ള പൈപ്പുകൾക്ക് ഈ വർഷം '13' തവണ പൊട്ടലുണ്ടായെന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ;

(ഡി) യഥാസമയം അറ്റകുറ്റപ്പണികൾ നടത്താതിരുന്ന അധികൃതരുടെ അനാസ്ഥയാണിതിന് കാരണമെന്നത് സർക്കാർ ഗൗരവമായി കാണുന്നുണ്ടോ?

# കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

<u>കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിലെ മരുന്നു വിതരണം</u>

757 ശ്രീ. എ. പ്രദീപ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിലെ ഫാർമസിയിൽ എത്ര ഫാർമസിസ്റ്റുകൾ ജോലി ചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ആശുപത്രി ഫാർമസിയിൽ നിന്നും രോഗികൾക്ക് മരുന്നു ലഭിക്കുന്നതിന് താമസം നേരിടുന്നതും, തിരക്ക് അനുഭവപ്പെടുന്നതും അധികൃതരുടെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) എങ്കിൽ മരുന്നു വിതരണം സുഗമമായി നടത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

## കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

<u>തൈറോയിഡ് രോഗത്തിന് ചികിത്സ</u>

758 ശ്രീമതി. കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ-സ്വകാര്യ ആശുപത്രികളിലായി 2011-12 വർഷത്തിൽ തൈറോയ്ഡ് രോഗവുമായി എത്തിയവരുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) ഏതു പ്രായ പരിധിയിലുള്ളവരിലാണ് കൂടുതൽ രോഗംപിടിപെട്ടതായി മനസ്സിലാക്കാൻ കഴിഞ്ഞത്;

(സി) രോഗ നിർണ്ണയത്തിന്റെ അഭാവം മൂലം കൃത്യസമയത്ത് ചികിത്സ നടത്താൻ സാധിക്കാത്തതിനാൽ തൈറോയിഡ് ക്യാൻസർ വ്യാപകമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

<u>പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുവാൻ നടപടി</u>

759 ശ്രീ. ഇ.പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിനു കീഴിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുവാനും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിലെ സൗകര്യങ്ങൾ ക്രമീകരിക്കുവാനും വിഭാവനം ചെയ്തുകൊണ്ടുള്ള പദ്ധതികൾക്കായി 2012-13 സാമ്പത്തിക വർഷം എത്ര തുക വകയിരുത്തിയെന്നു വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതിയിൽ ഉൾപ്പെടുത്തി കണ്ണൂർ ജില്ലയിലെ ഏതെല്ലാം പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾക്ക് ഫണ്ട് ലഭ്യമാക്കിയെന്നും എത്ര തുക ഏതാവശ്യത്തിനു ലഭ്യമാക്കിയെന്നും വ്യക്തമാക്കുമോ;

(സി) ഈ പദ്ധതിയിൽ ഉൾപ്പെടുത്തി കണ്ണൂർ ജില്ലയിലെ ഏതെല്ലാം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾക്ക് ഫണ്ട് ലഭ്യമാക്കിയെന്നും എത്ര തുക, ഏതാവശ്യത്തിനു ലഭ്യമാക്കിയെന്നും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 20.03.2013-ലെ മറുപടിക്ക്

ഹോമിയോപ്പതി വകുപ്പിലെ ഫാർമസിസ്റ്റ് തസ്തിക

760 ശ്രീ. വി.റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹോമിയോപ്പതി വകുപ്പിൽ ആകെ അനുവദിച്ചിട്ടുള്ള ഫാർമസിസ്റ്റ് തസ്തികകളുടെ എണ്ണം എത്രയാണ്;

(ബി) ഇതിൽ ഗ്രേഡ് I, ഗ്രേഡ് II, എന്നിവയുടെ എണ്ണം തരം തിരിച്ച് വ്യക്തമാക്കുമോ;

(സി) ശമ്പള കമ്മീഷൻ റിപ്പോർട്ടിൽ ശുപാർശ ചെയ്തിരുന്ന പ്രകാരം 2:1 എന്ന അനുപാതത്തിൽ ഗ്രേഡ് I, ഗ്രേഡ് II ഫാർമസിസ്റ്റ് തസ്തികകളിൽ ഒഴിവുകൾ നികത്തിയിട്ടുണ്ടോ;

(ഡി) 2002 മുതൽ ഇത്തരത്തിൽ എത്ര പേർക്കാണ് ഗ്രേഡ് പ്രമോഷൻ നൽകിയിട്ടുള്ളത്;

(ഇ) ഹോമിയോപ്പതി വകുപ്പിലെ ഫാർമസിസ്റ്റുമാരുടെ ഗ്രഡേഷൻ ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; എങ്കിൽ ഒരു പകർപ്പ് ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 20.03.2013–ലെ മറുപടിക്ക്

<u>പുതിയ മെഡിക്കൽ കോളേജുകൾ</u>

761 ശ്രീ. ലൂഡി ലൂയിസ്
,, ഷാഫി പറമ്പിൽ
,, വർക്കല കഹാർ
,, ഐ. സി. ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതിയ മെഡിക്കൽ കോളേജുകൾ ആരംഭിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമൊ;

(ബി) എവിടെയൊക്കെയാണ് പുതിയ മെഡിക്കൽ കോളേജുകൾ ആരംഭിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാമാണ്;

(സി) ഇവയുടെ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറായിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) ഇവ തുടങ്ങുന്നതിനുള്ള ധനസമാഹരണം എങ്ങനെ കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത്?

## കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

സർക്കാർ മെഡിക്കൽ കോളേജുകളിലെ റഫറൽ സംവിധാനം

762 ശ്രീ. എം. എ. വാഹിദ്
,, ഷാഫി പറമ്പിൽ
,, എം. പി. വിൻസെന്റ്
,, എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ മെഡിക്കൽ കോളേജുകൾ റഫറൽ സംവിധാനത്തിലേക്ക് മാറ്റുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(സി) ഏതെല്ലാം വിഭാഗങ്ങളിലാണ് ഈ സംവിധാനം ഏർപ്പെടുത്താനുദ്ദേശിക്കുന്നത് ;

(ഡി) റഫറൽ ആക്കുന്നതിന് മുന്നോടിയായി പ്രാഥമിക, താലൂക്ക്, ജില്ലാ ആശുപത്രികളിൽ നടപ്പാക്കേണ്ട അടിസ്ഥാന സൗകര്യങ്ങളും ക്രമീകരണങ്ങളും ഏർപ്പെടുത്തുമോ?

# കേരള നിയമസഭ
# 20.03.2013-ലെ മറുപടിക്ക്

<u>കൊല്ലം ജില്ലയിലെ ഗവണ്മെന്റ് ആശുപത്രികളുടെ കെട്ടിടനിർമ്മാണം</u>

763 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എൻ.ആർ.എച്ച്.എം. ഫണ്ട് ഉപയോഗിച്ച് ഈ സർക്കാർ നിലവിൽ വന്നശേഷം കൊല്ലം ജില്ലയിൽ ഏതൊക്കെ സർക്കാർ ആശുപത്രികളിൽ കെട്ടിടനിർമ്മാണം ആരംഭിച്ചിട്ടുണ്ട്; ആശുപത്രികളുടെ പേരും, തുകയും അറിയിക്കുമോ;

(ബി) ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ നെടുങ്ങോലം രാമറാവു മെമ്മോറിയൽ താലൂക്ക് ആശുപത്രിയിലെ നിലവിലുള്ള കെട്ടിടങ്ങളുടെ കാലപ്പഴക്കവും അസൗകര്യങ്ങളും ഗവണ്മെന്റ് ശ്രദ്ധിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ;

(സി) എൻ.ആർ.എച്ച്.എം. ഫണ്ട്/ഇതരഫണ്ടുകൾ ഉപയോഗിച്ച് പ്രസ്തുത ആശുപത്രിയുടെ അടിസ്ഥാന സൗകര്യ വികസനം സാദ്ധ്യമാക്കണമെന്നാവശ്യപ്പെട്ട് അപേക്ഷ ബന്ധപ്പെട്ടവർക്കു ലഭിച്ചിരുന്നുവോ;

(ഡി) എങ്കിൽ, വസ്തുതകൾ ബോദ്ധ്യപ്പെട്ട് മുൻഗണനാക്രമം നിശ്ചയിച്ച് പ്രസ്തുത ആശുപത്രിയിൽ എൻ.ആർ.എച്ച്.എം. ഫണ്ട് ഉപയോഗിച്ച് കെട്ടിടം നിർമ്മിക്കുവാൻ സന്നദ്ധമാകുമോ; ലഭിച്ച അപേക്ഷയിന്മേലുള്ള നടപടികൾ അറിയിക്കുമോ?

# കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

<u>മലബാർ ക്യാൻസർ സെന്റർ വികസനം</u>

764

ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലബാർ ക്യാൻസർ സെന്ററിന്റെ വികസനത്തിനായി സർക്കാർ എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) ഉണ്ട് എങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

<u>കോട്ടയം ജില്ലയിലെ ആശുപത്രികൾ</u>

765 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിലെ കുറവിലങ്ങാട് താലൂക്ക് ആശുപത്രി കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് പി.എൽ. എ3/35490/12/ഡി.എച്ച്.എസ് നമ്പർ ഫയലിന്മേൽ കോട്ടയം ഡി.എം.ഒ ഡിറ്റേയിൽഡ് എസ്റ്റിമേറ്റ് തയ്യാറാക്കി നൽകിയോ; ഇതു നൽകാൻ ഉണ്ടായ കാലതാമസം വ്യക്തമാക്കാമോ; അനാവശ്യ കാലതാമസം ഈ ഫയലിന്മേൽ ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ബി) കോട്ടയം ജില്ലയിലെ കാണക്കാരി പി.എച്ച്.സി - സി.എച്ച്.സി ആയി ഉയർത്തുന്നതു സംബന്ധിച്ച് പി.എൽ. ബി1/73119/12ഡി.എച്ച്.എസ് നമ്പർ ഫയലിന്മേൽ കോട്ടയം ഡി.എം.ഒ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അടിയന്തിര റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; ഇപ്പോൾ ഈ ഫയൽ കോട്ടയം ഡി.എം.ഒ യിൽ ഏത് സെക്ഷനിലാണ് പെൻഡിംഗ് ആയി കിടക്കുന്നത്?

# കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

ഒറ്റപ്പാലം താലൂക്ക് ആശുപത്രിക്ക് 'ജില്ലാ ആശുപത്രി' പദവി

766 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ മെഡിക്കൽ കോളേജ് തുടങ്ങുന്ന സാഹചര്യത്തിൽ ഒറ്റപ്പാലം താലൂക്ക് ആശുപത്രിക്ക് 'ജില്ലാ ആശുപത്രി' പദവി നൽകണമെന്ന ആവശ്യം പരിഗണനയിലുണ്ടോ;

(ബി) അത്തരത്തിലുള്ള ആവശ്യത്തിന്മേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ, എന്തെല്ലാം;

(സി) ഒറ്റപ്പാലം താലൂക്ക് ആശുപത്രിയിൽ ജില്ലാ ആശുപത്രി പദവി ലഭിക്കുന്ന തരത്തിൽ സൗകര്യങ്ങളുള്ളതാണെന്ന കാര്യം ശ്രദ്ധയിലുണ്ടോ;

(ഡി) പ്രസ്തുത താലൂക്ക് ആശുപത്രിക്ക് ജില്ലാ ആശുപത്രി പദവി നൽകുന്നതിന് ഒരു ആക്ഷൻ പ്ലാൻ രൂപീകരിക്കുമോ; വിശദമാക്കുമോ?

## കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

<u>കായംകുളം താലൂക്ക് ആശുപത്രിയിലെ സ്റ്റാഫ് നഴ്സ് ഒഴിവ്</u>

767 ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കായംകുളം താലൂക്കാശുപത്രിയിൽ നിലവിൽ എത്ര ഡോക്ടർമാരുടെ സേവനം ലഭ്യമാണ്;

(ബി) താലൂക്കാശുപത്രിയിൽ ഇപ്പോൾ എത്ര സ്റ്റാഫ് നഴ്സ്മാരുടെ ഒഴിവുണ്ട്;

(സി) നിലവിലുള്ള സ്റ്റാഫ് നഴ്സുമാരുടെ എണ്ണം പരിമിതമാണെന്നും ഇത് ആശുപത്രി പ്രവർത്തനങ്ങളെ ബാധിക്കും എന്നുള്ള വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ആശുപത്രിയുടെ സുഗമമായ നടത്തിപ്പിന് ആവശ്യമായ എണ്ണം സ്റ്റാഫ് നഴ്സിനെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

<u>കൊട്ടാരക്കര താലൂക്ക് ആശുപത്രിയിൽ കാരുണ്യ ഫാർമസി</u>

768 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര താലൂക്ക് ആശുപത്രിയിൽ കാരുണ്യ ഫാർമസി അനുവദിച്ചിട്ടുണ്ടോ; ഇല്ലായെങ്കിൽ കാരുണ്യ ഫാർമസി അനുവദിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) കൊല്ലം ജില്ലയിൽ കാരുണ്യ ഫാർമസി അനുവദിച്ചിട്ടുള്ള സർക്കാർ ആശുപത്രികൾ ഏതെല്ലാമാണ്;

(സി) കാരുണ്യ ഫാർമസി മുഖാന്തിരം ഏർപ്പെടുത്തുന്ന സേവനങ്ങളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

<u>കുണ്ടറ താലൂക്ക് ആശുപത്രിയുടെ ശോച്യാവസ്ഥ പരിഹരിക്കാൻ നടപടി</u>

769 ശ്രീ. എം. എ. ബേബി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് താലൂക്ക് ആശുപത്രിയായി ഉയർത്തിയ കുണ്ടറ താലൂക്ക് ആശുപത്രിയുടെ ശോച്യാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് 17.7.2012 ൽ കുണ്ടറ എം.എൽ.എ നൽകിയ നിവേദനത്തിൻമേൽ ഇതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) കുണ്ടറ താലൂക്ക് ആശുപത്രിയിൽ ആവശ്യമായ സ്റ്റാഫ് പാറ്റേൺ അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ ?

# കേരള നിയമസഭ
# 20.03.2013-ലെ മറുപടിക്ക്

## കൊയിലാണ്ടി താലൂക്ക് ആശുപത്രിയുടെ പ്രവർത്തനം സുഗമമാക്കാൻ നടപടി

770 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി മണ്ഡലത്തിലെ പ്രധാന ആരോഗ്യ സ്ഥാപനമായ കൊയിലാണ്ടി താലൂക്ക് ഗവൺമെന്റ് ആശുപത്രിയിലെ ഒഴിവുള്ള ജൂനിയർ മെഡിക്കൽ കൺസൾട്ടന്റ്, കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ, ബ്ലഡ് ബാങ്ക് ടെക്നീഷ്യൻ, ഹോസ്പിറ്റൽ അറ്റന്റന്റ് എന്നീ തസ്തികകളിലേയ്ക്ക് നിയമനം നടത്താൻ നടപടി സ്വീകരിക്കാത്തത് എന്ത്കൊണ്ടാണ് എന്ന് വ്യക്തമാക്കാമോ;

(ബി) താലൂക്ക് ആശുപത്രിയിലെ ഈ ഒഴിവുകളിൽ നിയമനം നടത്തി ആശുപത്രിയുടെ പ്രവർത്തനം സുഗമമാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ;

(സി) താലൂക്ക് ഗവൺമെന്റ് ആശുപത്രിയിലെ ജീവനക്കാരില്ലാത്ത ബുദ്ധിമുട്ടുകളും മറ്റ് പ്രയാസങ്ങളും സംബന്ധിച്ച് നേരിൽ കണ്ട് നടപടികൾക്ക് ഒരു ഉന്നതതല സംഘത്തെ ആശുപത്രിയിലേക്ക് നിയോഗിക്കാൻ നടപടികൾ സ്വീകരിക്കുമോ;

(ഡി) ഇവിടെ ട്രോമാകെയർ ആരംഭിക്കുന്നത് സംബന്ധിച്ച നടപടികളുടെ പുരോഗതി കൂടി വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

<u>മലപ്പുറം താലൂക്ക് ആശുപത്രിയിൽ ആവശ്യമായ ഡോക്ടർമാരെയും സ്റ്റാഫിനേയും നിയമിക്കുവാൻ നടപടി</u>

771 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എല്ലാ താലൂക്ക് ആശുപത്രികളിലും താലൂക്ക് ആശുപത്രികളിലെ സ്റ്റാഫ് പാറ്റേൺ അനുസരിച്ച് ഡോക്ടർമാരെയും മറ്റു സ്റ്റാഫിനെയും നിയമിച്ചിട്ടുണ്ടോ;

(ബി) മലപ്പുറം താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിൽ സ്റ്റാഫ് പാറ്റേൺ അനുസരിച്ചുള്ള ഡോക്ടർമാരും സ്റ്റാഫും ഇല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) മലപ്പുറം താലൂക്ക് ആശുപത്രിയിൽ ആവശ്യമായ ഡോക്ടർമാരെയും സ്റ്റാഫിനേയും നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

<u>നെടുമങ്ങാട് താലൂക്ക് ആശുപത്രി ജില്ലാ ആശുപത്രിയായി ഉയർത്താൻ നടപടി</u>

772 ശ്രീ. പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാട് താലൂക്ക് ആശുപത്രിയിൽ പ്രതിദിനം എത്തുന്ന രോഗികളുടെ ശരാശരി എണ്ണം എത്രയാണ്;

(ബി) ഇത്രയും രോഗികളുടെ പരിശോധനക്കായുള്ള ഡോക്ടർമാരുടെ കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ;

(ഡി) ജില്ലയിലെ ഏറ്റവും കൂടുതൽ രോഗികൾ എത്തുന്ന നെടുങ്ങാട് താലൂക്കാശുപത്രി, ജില്ലാ ആശുപത്രിയായി ഉയർത്തണമെന്ന നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ ഇതിന്മേൽ എന്ത് നടപടി സ്വീകരിച്ചു ;

(എഫ്) ഇവിടെ ഒരു ബഹുനില മന്ദിരം പണിയാൻ 2013-14 സാമ്പത്തിക വർഷത്തിൽ നടപടി സ്വീകരിക്കുമോ ?

## കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

<u>പട്ടാമ്പി താലൂക്ക് ആശുപത്രി അടിസ്ഥാന സൗകര്യവികസനം</u>

773 ശ്രീ. സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി ആശുപത്രി ഒരു താലൂക്ക് ആശുപത്രിയായി പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും, താലൂക്കാശുപത്രിക്കാവശ്യമായ സ്റ്റാഫിനെ നിയമിച്ചിട്ടില്ല. താലൂക്കാശുപത്രിയെന്ന പദവിയും ഡോക്ടർമാർ ആവശ്യത്തിന് ഇല്ലാത്ത അവസ്ഥയും മാറ്റുവാൻ, ആവശ്യത്തിന് സ്റ്റാഫിനെ അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ ;

(ബി) രാത്രിയും പോസ്റ്റ്മോർട്ടം നടത്തുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യം ഒരുക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

<u>അരൂക്കുറ്റി, തൈക്കാട്ടുശ്ശേരി സി.എച്ച്.സി. കളിലെ സ്റ്റാഫ് സ്ട്രെംഗ്ത്</u>

774 ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അരൂക്കുറ്റി, തൈക്കാട്ടുശ്ശേരി എന്നീ സി.എച്ച്.സി കളിൽ നിലവിൽ അനുവദിച്ചിട്ടുള്ള സ്റ്റാഫ് സ്ട്രെംഗ്ത് തസ്തിക തിരിച്ച് ലഭ്യമാക്കുമോ;

(ബി) നൂറുകണക്കിന് ആളുകൾ ദിനംപ്രതി ആശ്രയിക്കുന്ന ഈ ആശുപത്രികളിൽ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിലെ സ്റ്റാഫ് സ്ട്രെംഗ്ത് പ്രകാരമുള്ള തസ്തിക സൃഷ്ടിച്ച് നിയമനം നടത്തി ജനങ്ങളുടെ ദുരിതം പരിഹരിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 20.03.2013-ലെ മറുപടിക്ക്

<u>വയനാട് ജില്ലയിലെ പി.എച്ച്.സി കൾ</u>

775 ശ്രീ. എം.വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വയനാട് ജില്ലയിലെ ഏതെല്ലാം പി.എച്ച്.സി കളാണ് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളായി ഉയർത്തിയതെന്നു വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ആശുപത്രികളുടെ നിയോജകമണ്ഡലം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) പ്രസ്തുത പി.എച്ച്.സി കളെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളായി ഉയർത്തിയെങ്കിലും അതിനാവശ്യമായ തസ്തികകൾ സൃഷ്ടിക്കാത്തതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ:

(ഡി) കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളായി ഉയർത്തിയ ആശുപത്രികളുടെ സുഗമമായ പ്രവർത്തനത്തിനാവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

<u>പത്തനംതിട്ട ജില്ലയിലെ പി.എച്ച്.സികള്‍</u>

776 ശ്രീ. ചിറ്റയം ഗോപകുമാര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പത്തനംതിട്ട ജില്ലയില്‍ 24 മണിക്കൂറും പ്രവര്‍ത്തിക്കുന്ന എത്ര പി.എച്ച്.സി കള്‍ ഉണ്ട് എന്ന് വ്യക്തമാക്കാമോ; ഇവയുടെ പേര് വിവരം ലഭ്യമാക്കുമോ;

(ബി) അടൂര്‍ മണ്ഡലത്തില്‍ 24 മണിക്കൂറും പ്രവര്‍ത്തിക്കാത്ത പി.എച്ച്.സി കള്‍ 24 മണിക്കൂറും പ്രവര്‍ത്തിപ്പിക്കാന്‍ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

<u>പേരാവൂര്‍ താലൂക്ക് ആശുപത്രിയിലെ കാഷ്വാലിറ്റി സെന്റര്‍</u>

777 ശ്രീ. സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പേരാവൂര്‍ നിയോജക മണ്ഡലത്തിലെ പേരാവൂര്‍ താലൂക്ക് ആശുപത്രിയില്‍ കാഷ്വാലിറ്റി ആരംഭിക്കേണ്ട ആവശ്യകത ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കില്‍ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) ഇല്ലെങ്കില്‍ കാഷ്വാലിറ്റി തുടങ്ങുന്നതിനാവശ്യമായ അടിയന്തിര നടപടികള്‍ സ്വീകരിക്കുമോ;

# കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

<u>ചടയമംഗലം പി.എച്ച് സെന്ററിലെ ഐ.പി വിഭാഗം</u>

778 ശ്രീ.മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ചടയമംഗലം പി.എച്ച് സെന്ററിലെ ഐ.പി വിഭാഗം നിർത്തലാക്കിയതുമൂലം രോഗികൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് പരിഗണിച്ച് ഇത് പുന:സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

<u>പി.എച്ച്.സി കളിൽ കിടത്തി ചികിൽസ ആരംഭിക്കാൻ നടപടി</u>

779 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെട്ടിടം ഉൾപ്പെടെ എല്ലാ ഭൗതികസൗകര്യങ്ങളുമുള്ള പി.എച്ച്.സി കളിൽ കിടത്തി ചികിൽസ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ മലപ്പുറം ജില്ലയിലെ മൊറയൂർ, പുൽപറ്റ പി.എച്ച്.സി കൾ സി.എച്ച്.സി കളാക്കി ഉയർത്തി കിടത്തി ചികിൽസ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 20.03.2013–ലെ മറുപടിക്ക്

<u>പി.എച്ച്.സി കളിലെയും സി.എച്ച്.സി കളിലെയും സ്റ്റാഫിന്റെ ഒഴിവുകൾ</u>

780 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിലെ വിവിധ പി.എച്ച്.സി., സി.എച്ച്.സി, സർക്കാർ ആശുപത്രികളിലായി ഡോക്ടർമാരുടെയും, പാരാമെഡിക്കൽ സ്റ്റാഫിന്റെയും ഒഴിവുകൾ എത്രയെന്ന് വ്യക്തമാക്കാമോ ; ഒഴിവുകൾ നികത്തുന്നതിന് സ്വീകരിച്ച നടപടി എന്തെന്ന് വ്യക്തമാക്കുമോ ;

(ബി) സർക്കാർ ആശുപത്രി താലൂക്ക് ആശുപത്രിയായി ഉയർത്തുന്നതിന് ആവശ്യമായ മാനദണ്ഡമെന്താണെന്ന് വ്യക്തമാക്കാമോ ; ഞാറയ്ക്കൽ സർക്കാർ ആശുപത്രി താലൂക്കാശുപത്രിയായി ഉയർത്തുന്നതിന് സ്വീകരിച്ച നടപടി എന്താണെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

<u>പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിന് സ്വന്തം കെട്ടിടം</u>

781 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്യാശ്ശേരി മണ്ഡലത്തിലെ ചെറുതാഴം ഗ്രാമപഞ്ചായത്തിൽ ആരോഗ്യ വകുപ്പിന് കീഴിലുള്ള പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകാമോ;

(ബി) പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ടിൽ എന്തൊക്കെ കോഴ്സുകളാണ് ഇപ്പോൾ നടന്നുവരുന്നത്; പുതിയ കോഴ്സുകൾ തുടങ്ങുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

<u>പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ കെട്ടിടനിർമ്മാണം</u>

782 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തരൂർ മണ്ഡലത്തിലെ പഴമ്പാലക്കോട് പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ കെട്ടിടനിർമ്മാണ പ്രവർത്തനങ്ങൾ ഏതുവരെയായെന്നു വ്യക്തമാക്കുമോ;

(ബി) കെട്ടിടനിർമ്മാണത്തിനുള്ള ഭരണാനുമതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ, ആയതിന്റെ കോപ്പി ലഭ്യമാക്കുമോ;

(സി) കെട്ടിടനിർമ്മാണത്തിനുള്ള സ്ഥലം കണ്ടെത്തി സ്ഥിരീകരിച്ചിട്ടുണ്ടോ; നിർമ്മാണപ്രവൃത്തികളുടെ ഡി.പി.ആർ. തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടോ; ഇതിന് അംഗീകാരം ലഭിച്ചിട്ടുണ്ടോ;

(ഡി) നിർമ്മാണപ്രവർത്തനങ്ങൾ എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്നാണു പ്രതീക്ഷിക്കുന്നത്; വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

<u>പുതിയ ആശുപത്രികൾ ആരംഭിക്കാൻ നടപടി</u>

783 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതിയതായി തുടങ്ങുവാൻ തീരുമാനിച്ച ഗവൺമെന്റ് ഹോമിയോ ആശുപത്രികളും ഗവൺമെന്റ് ആയുർവേദ ആശുപത്രികളും എന്നത്തേക്കു പ്രവർത്തനം ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ:

(ബി) പ്രസ്തുത ആശുപത്രികൾ പ്രവർത്തിക്കാൻ കെട്ടിടവും മറ്റ് ഭൗതിക സാഹചര്യങ്ങളും ഒരുക്കേണ്ടത് ആരാണെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

<u>ആയുർവേദ ഡിസ്പെൻസറികൾ ആരംഭിക്കുവാൻ നടപടി</u>

784 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012-13 സാമ്പത്തിക വർഷം സംസ്ഥാനത്ത് പുതുതായി എത്ര ആയുർവേദ ഡിസ്പെൻസറികൾ ആരംഭിക്കുവാൻ തീരുമാനിച്ചുവെന്നു വ്യക്തമാക്കുമോ;

(ബി) എവിടെയെല്ലാമാണ് പുതിയ ആയുർവേദ ഡിസ്പെൻസറികൾ ആരംഭിക്കുവാൻ തീരുമാനിച്ചതെന്നു വ്യക്തമാക്കുമോ;

(സി) ഓരോ ഡിസ്പെൻസറികൾക്കും എത്ര തസ്തിക വീതം സൃഷ്ടിച്ചുവെന്നു വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

<u>ആയുർവേദ ആശുപത്രികൾ വികസിപ്പിക്കുന്നതിന് പദ്ധതി</u>

785

ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭാരതീയ ചികിത്സാ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ആയുർവേദ ആശുപത്രികളെ വികസിപ്പിക്കുന്നതിനും സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ഈ സർക്കാർ നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാം; വിശദാംശം അറിയിക്കുമോ;

(ബി) കോഴിക്കോട് ജില്ലയിൽ പ്രവർത്തിക്കുന്ന ആയുർവേദ ആശുപത്രികൾ ഏതെല്ലാം; അത് എവിടെയെല്ലാം, ഏത് നിയോജക മണ്ഡലങ്ങളിൽ എന്നത് വ്യക്തമാക്കാമോ;

(സി) കൊയിലാണ്ടിയിൽ തച്ചൻകുന്ന് ആയുർവേദ ആശുപത്രിയിൽ ഇപ്പോൾ ലഭ്യമായ സേവനങ്ങൾ/സൗകര്യങ്ങൾ എന്തെല്ലാം എന്നും അവിടെ ഇപ്പോൾ ഓരോ തസ്തികയിലും ജോലി ചെയ്യുന്ന ജീവനക്കാർ എത്ര എന്നും വ്യക്തമാക്കാമോ;

(ഡി) തച്ചൻകുന്ന് ആയർവേദാശുപത്രിയുടെ വികസനത്തിനായി ഈ സർക്കാർ നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാം; ഓരോ പദ്ധതിയുടെയും ഇപ്പോഴത്തെ പുരോഗതിയെന്ത്; വ്യക്തമാക്കാമോ;

(ഇ) ഇവിടെ സൗകര്യങ്ങളും സേവനങ്ങളും മെച്ചപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 20.03.2013-ലെ മറുപടിക്ക്

<u>കക്കോടി ഗ്രാമപഞ്ചായത്തിലെ ആയുർവ്വേദ ആശുപത്രി</u>

786

ശ്രീ. എ. കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കക്കോടി ഗ്രാമപഞ്ചായത്തിൽ സ്ഥിരമായി ഒരു ആയുർവേദ ആശുപത്രി അനുവദിയ്ക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് കക്കോടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ കത്ത് ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അടിയന്തിരമായി ആയുർവേദ ആശുപത്രി അനുവദിക്കുന്നതിനാവശ്യമായ നടപടി കൈക്കൊള്ളുമോയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

<u>കോട്ടൂരിൽ ആയുർവേദ ചികിത്സാകേന്ദ്രം ആരംഭിക്കാൻ നടപടി</u>

787 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി അസംബ്ലി മണ്ഡലത്തിലെ കോട്ടൂർ ഗ്രാമപഞ്ചായത്തിൽ ആയുർവേദ ചികിസ്താകേന്ദ്രം ആരംഭിക്കുന്നത് സംബന്ധിച്ച നടപടികളുടെ പുരോഗതി അറിയിക്കാമോ;

(ബി) ബാലുശ്ശേരി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ഡയാലിസിസ് യൂണിറ്റ് അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ?

**കേരള നിയമസഭ**
**20.03.2013-ലെ മറുപടിക്ക്**

<u>രാഘവന്‍ തിരുമുല്പാടിന്റെ സ്മരണ നിലനിര്‍ത്താന്‍ ആയുര്‍വേദ കേന്ദ്രം</u>

788 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യത്തിന്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

ആയുര്‍വേദാചാര്യനായിരുന്ന യശശ്ശരീരനായ പത്മഭൂഷണ്‍ രാഘവന്‍ തിരുമുല്പാടിന്റെ സ്മരണ നിലനിര്‍ത്തുന്നതിനായി ചാലക്കുടി ആസ്ഥാനമാക്കി ഒരു ആയുര്‍വേദകേന്ദ്രം ആരംഭിക്കുവാന്‍ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

<u>പരവൂർ നഗരസഭയിലെ ഗവൺമെന്റ് ആയുർവ്വേദ ആശുപത്രിയിലെ സൗകര്യങ്ങൾ</u>

789

ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പരവൂർ നഗരസഭയിലെ ഗവൺമെന്റ് ആയൂർവ്വേദ ആശുപത്രിയിൽ മനുഷ്യ മാലിന്യങ്ങൾ ശേഖരിക്കുന്നതിലേയ്ക്ക് നിർമ്മിച്ചിട്ടുളള ടാങ്ക് വർഷങ്ങളായി തകരാറിലാകുകയും രോഗികൾക്ക് ആശുപത്രിയിൽ കിടക്കുവാൻ കഴിയാത്തവിധം ബുദ്ധിമുട്ട് ഉണ്ടാകുകയും ചെയ്യുന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിരവധി നിവേദനങ്ങൾ നൽകുകയും, ബന്ധപ്പെട്ടവരെ അറിയിക്കുകയും ചെയ്തശേഷവും നാളിതുവരെ ഈ പ്രശ്നത്തിന് പരിഹാരം കാണുവാൻ കഴിയാത്ത സാഹചര്യത്തിൽ പ്രത്യേക നിർദ്ദേശം ബന്ധപ്പെട്ടവർക്ക് നൽകി പ്രശ്ന പരിഹാരത്തിന് നടപടി കൈക്കൊളളുമോ?

# കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

<u>ചാത്തന്നൂർ ആയൂർവേദാശുപത്രിയിലെ തസ്തികകൾ നികത്താൻ നടപടി</u>

790 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജക മണ്ഡലത്തിൽ എത്ര ആയൂർവ്വേദ ആശുപത്രികളാണ് പ്രവർത്തിക്കുന്നതെന്നും, പ്രസ്തുത ആശുപത്രികളിലെ ജീവനക്കാരുടെ അനുവദനീയ തസ്തിക ഏതൊക്കെയാണെന്നും പ്രത്യേകമായി അറിയിക്കുമോ ;

(ബി) പ്രസ്തുത ആശുപത്രികളിൽ ഏതൊക്കെ തസ്തികകളാണ് ജീവനക്കാരെ നിയമിക്കാതെ കിടക്കുന്നത് ; ആശുപത്രിയും തസ്തികയും അറിയിക്കുമോ ;

(സി) ഒഴിവായിക്കിടക്കുന്ന തസ്തികകളിൽ നിയമനം നടത്തുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 20.03.2013-ലെ മറുപടിക്ക്

പുതിയ ഹോമിയോ ഡിസ്പെൻസറികൾ ആരംഭിക്കുവാൻ നടപടി

791 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012-2013 സാമ്പത്തിക വർഷം സംസ്ഥാനത്ത് പുതുതായി എത്ര ഹോമിയോ ഡിസ്പെൻസറികൾ ആരംഭിക്കുവാൻ തീരുമാനിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) എവിടെയെല്ലാമാണ് പുതിയ ഹോമിയോ ഡിസ്പെൻസറികൾ ആരംഭിക്കുവാൻ തീരുമാനിച്ചതെന്നു വ്യക്തമാക്കുമോ;

(സി) ഓരോ ഡിസ്പെൻസറിക്കും എത്ര തസ്തിക വീതം സൃഷ്ടിച്ചുവെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

<u>പുതിയ ഹോമിയോ ഡിസ്പെൻസറികൾ</u>

792 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ ഹോമിയോ ഡിസ്പെൻസറികൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം പഞ്ചായത്തുകളിലാണ് പുതുതായി ഹോമിയോ ഡിസ്പെൻസറികൾ ആരംഭിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

<u>പുതുതായി ആരംഭിക്കാൻ ഉദ്ദേശിക്കുന്ന ഹോമിയോ ഡിസ്പെൻസറികൾ</u>

793 ശ്രീ. എ. കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹോമിയോ ഡിസ്പെൻസറികളും ആശുപത്രികളും ഇല്ലാത്ത എത്ര പഞ്ചായത്തുകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ സാമ്പത്തിക വർഷം പുതുതായി ആരംഭിക്കാൻ ഉദ്ദേശിക്കുന്ന ഹോമിയോ ഡിസ്പെൻസറികളും ആശുപത്രികളും എത്രയെന്ന് വെളിപ്പെടുത്താമോ ;

(സി) ഹോമിയോ ചികിത്സയെ കൂടുതൽ ജനങ്ങൾ ആശ്രയിക്കുന്നത് പരിഗണിച്ച് കൂടുതൽ ഡിസ്പെൻസറികളും ആശുപത്രികളും ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

<u>തൃക്കാക്കരയിൽ ജില്ലാ ഹോമിയോ ആശുപത്രി തുടങ്ങുന്നതിന് നടപടി</u>

794 ശ്രീ. ബെന്നി ബെഹനാൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൃക്കാക്കരയിൽ ജില്ലാ ഹോമിയോ ആശുപത്രി തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) എങ്കിൽ എന്തൊക്കെ നടപടിയാണ് സ്വീകരിച്ചത് എന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

<u>ഹോമിയോ ആശുപത്രികളുടെ പ്രവര്‍ത്തനം</u>

795

ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് ഗവണ്‍മെന്റ് ഹോമിയോ ആശുപത്രികളില്‍ ആവശ്യത്തിനു ജീവനക്കാരില്ലാത്തത് ശ്രദ്ധയില്‍പെട്ടിട്ടുണ്ടോ;

(ബി) നിര്‍ത്തലാക്കിയ നഴ്സിങ്-കം ഫാര്‍മസിസ്റ്റ് കോഴ്സുകള്‍ക്ക് പകരം മികച്ച കോഴ്സുകള്‍ എന്തെങ്കിലും സര്‍ക്കാര്‍ പുതുതായി തുടങ്ങിയിട്ടുണ്ടോ;

(സി) എങ്കില്‍ ഹോമിയോ നഴ്സുമാരുടെയും ഫാര്‍മസിസ്റ്റുകളുടെയും കുറവ്മൂലം പ്രശ്നം നേരിടുന്ന ഹോമിയോ ആശുപത്രികളില്‍ ഈ കോഴ്സ് പാസ്സായവരെ നിയമിക്കാന്‍ നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

<u>ഹോമിയോപ്പതി വകുപ്പിലെ ഫാർമസിസ്റ്റുകളുടെ റേഷ്യോ പ്രൊമോഷൻ</u>

796 ശ്രീ. കെ. മുരളീധരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹോമിയോപ്പതി വകുപ്പിൽ ഫാർമസിസ്റ്റ് ഗ്രേഡ്-1, ഗ്രേഡ്-2 കാറ്റഗറികളിൽ എത്ര തസ്തികകൾ നിലവിലുണ്ട്;

(ബി) 2006-ലെ ശമ്പളപരിഷ്ക്കരണ ഉത്തരവു പ്രകാരം ഏത് അനുപാതത്തിലാണ് ഫാർമസിസ്റ്റുകൾക്ക് ഗ്രേഡ് അനുവദിക്കുന്നത്;

(സി) ഇതു പ്രകാരം എത്ര ഫാർമസിസ്റ്റുകൾക്ക് ഗ്രേഡ് പ്രൊമോഷൻ അനുവദിച്ചിട്ടുണ്ട്;

(ഡി) ഫാർമസിസ്റ്റുകളുടെ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 20.03.2013-ലെ മറുപടിക്ക്

<u>തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ 2012-13-ലെ വരുമാനത്തിന്റെ വിശദാംശം</u>

797 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ 2012-13-ലെ ആകെ വരുമാനവും ചെലവും എത്രയെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

<u>തിരുവിതാംകൂര്‍ ദേവസ്വം ബോര്‍ഡിന്റെ ക്ഷേത്രങ്ങളിലെ ഉരുപ്പടികളുടെ ലേലം</u>

798 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) തിരുവിതാംകൂര്‍ ദേവസ്വം ബോര്‍ഡിനുകീഴിലുള്ള ക്ഷേത്രങ്ങളില്‍ ഉപയോഗശൂന്യമായും ഉപയോഗിക്കാതെയും കിടക്കുന്ന ഉരുപ്പടികളുടെ കണക്ക് തിട്ടപ്പെടുത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത ഉരുപ്പടികള്‍ പ്രധാനമായും ഏതെല്ലാം വിഭാഗത്തില്‍പ്പെടുന്നുവെന്നതും, അവയുടെ മതിപ്പുവിലയും വെളിപ്പെടുത്തുമോ;

(സി) ഈ ഉരുപ്പടികള്‍ ലേലം ചെയ്തു തുക ഈടാക്കുന്നതിന് എന്തെല്ലാം നടപടികള്‍ സ്വീകരിക്കും; വിശദമാക്കുമോ?

# കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

മലബാർ ദേവസ്വംബോർഡിന്റെ പ്രവർത്തനം

799 ശ്രീ കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ അനാസ്ഥ കാരണം മലബാർ ദേവസ്വംബോർഡിന്റെ പ്രവർത്തനം നിശ്ചലാവസ്ഥയിൽ ആകുന്നത് പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്താമോ;

(ബി) കഴിഞ്ഞ ഒരു വർഷക്കാലത്തിനിടയിൽ മലബാർ ദേവസ്വംബോർഡെടുത്ത എത്ര തീരുമാനങ്ങൾ സർക്കാർ അനാസ്ഥ കാരണം നടപടിയാകാതെ കിടക്കുന്നുണ്ട്; വിശദമാക്കാമോ;

(സി) മലബാർ ദേവസ്വം ജീവനക്കാരുടെ സേവനവേതന വ്യവസ്ഥകളും, ശമ്പളവും പരിഷ്ക്കരിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) എങ്കിൽ എന്നത്തേക്ക് നടപടി സ്വീകരിക്കുവാൻ സാധിക്കും; വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

<u>മലബാറിലെ ക്ഷേത്രങ്ങളുടെ ജീർണ്ണോദ്ധാരണ പ്രവൃത്തികൾ</u>

800 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം മലബാറിലെ ക്ഷേത്രങ്ങളുടെ ജീർണ്ണോദ്ധാരണ പ്രവൃത്തികൾക്ക് തുക അനുവദിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം ക്ഷേത്രങ്ങൾക്കാണ് തുക അനുവദിച്ചത്; എന്ത് തുക വീതം അനുവദിച്ചു; വ്യക്തമാക്കുമോ;

(സി) ക്ഷേത്രങ്ങളുടെ പരിഷ്ക്കരണ പ്രവൃത്തികൾക്ക് തുക അനുവദിച്ചില്ലെങ്കിൽ അതിനുള്ള കാരണങ്ങൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

<u>ഉത്തരമലബാറിലെ ക്ഷേത്രങ്ങളിലെ ആചാരസ്ഥാനീയർക്കും കോലധാരികൾക്കും സാമ്പത്തിക സഹായം</u>

801 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഉത്തര മലബാറിലെ ക്ഷേത്രങ്ങളിലെ ആചാരസ്ഥാനീയർക്കും, കോലധാരികൾക്കും സാമ്പത്തിക സഹായം നൽകുന്ന പദ്ധതി നിലവിലുണ്ടോ;

(ബി) എങ്കിൽ എത്ര പേർക്കാണ് തുക നൽകിവരുന്നതെന്ന് പ്രത്യേകം പ്രത്യേകമായി വിശദമാക്കുമോ;

(സി) കൂടുതൽ പേരെ പദ്ധതിയിലുൾപ്പെടുത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ;

(ഡി) ഈ ഇനത്തിൽ തുക നൽകിവരുന്നവർക്ക് എത്ര മാസത്തെ കുടിശ്ശിക നൽകാനുണ്ട്; അറിയിക്കുമോ;

(ഇ) കുടിശ്ശിക തുക എന്ന് നൽകുവാൻ സാധിക്കും; വിശദാംശം അറിയിക്കുമോ?

# കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

<u>ക്ഷേത്രങ്ങളുടെ അന്യാധീനപ്പെട്ട ഭൂമി തിരിച്ചുപിടിക്കുന്ന നടപടി</u>

802 ശ്രീ. ജി. സുധാകരൻ
,, പി. ശ്രീരാമകൃഷ്ണൻ
,, ബാബു എം. പാലിശ്ശേരി
,, എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പന്തല്ലൂർ ക്ഷേത്രഭൂമി ഉൾപ്പെടെ മലബാർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള വിവിധ ക്ഷേത്രങ്ങളുടെ അന്യാധീനപ്പെട്ട ഭൂമി തിരിച്ചുപിടിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചെന്നറിയിക്കാമോ ;

(ബി) പ്രസ്തുത നടപടികളുടെ ഫലമായി എത്ര ഭൂമി തിരികെ പിടിച്ചു ;

(സി) അന്യാധീനപ്പെട്ട ഭൂമി തിരികെ പിടിക്കാനായി റവന്യൂ വകുപ്പിന്റെ സഹായം തേടിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

പാഞ്ഞാൾ ലക്ഷ്മീ നാരായണ സ്വാമി ക്ഷേത്രത്തിന് 'ആനവിറ്റി' ധനസഹായം

803 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചേലക്കര മണ്ഡലത്തിലെ പാഞ്ഞാൾ ലക്ഷ്മീനാരായണ സ്വാമി ക്ഷേത്രത്തിന് അർഹമായ ആനവിറ്റി ധനസഹായം ഇതേവരെ ലഭിച്ചിട്ടില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ ക്ഷേത്രത്തിനർഹമായ ആനവിറ്റി ലഭിക്കുന്നതിനുള്ള തടസ്സങ്ങൾക്കും കാലതാമസത്തിനും കാരണം വിശദീകരിക്കുമോ;

(സി) ആനവിറ്റി ധനസഹായം ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 20.03.2013-ലെ മറുപടിക്ക്

<u>ചേളന്നൂർ ശ്രീ മാടത്തിലപ്പൻ മഹാശിവക്ഷേത്രം മലബാർ ദേവസ്വം ബോർഡ് ഏറ്റെടുക്കൽ</u>

804 ശ്രീ. എ. കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ ചേളന്നൂർ ശ്രീ മാടത്തിലപ്പൻ മഹാ ശിവക്ഷേത്രം മലബാർ ദേവസ്വം ബോർഡ് ഏറ്റെടുക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്താമോ ;

(സി) ഈ ക്ഷേത്രം മലബാർ ദേവസ്വം ബോർഡ് ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിക്കുമോ ; വ്യക്തമാക്കാമോ ?